# കളരി

പത്രാധിപർ:

എ വി. എസ്സ്. പണിക്കർ.

| പുസ്തകം 1 | 1954 ഡിസംബർ, 1955 ജനുവരി. | ലക്കം 7 |
| --- | --- | --- |

## കളരിയുടെ കരളിൽനിന്ന്

### സന്തോഷം

മഹാനുഭാവനും ലോകസമാധാനപ്രിയനും ആയ നമ്മുടെ പ്രധാനമന്ത്രി അയൽരാജ്യങ്ങളിൽ പര്യടനം നടത്തി അവിടങ്ങളിലെ അവസ്ഥാന്തരങ്ങളറിഞ്ഞ് അവരോടെല്ലാം സൌഹാർദ്ദം പുലർത്തി വരുന്നതിലും ലോകസമാധാനത്തിന്റെ പുരോഗതി ത്വരിതപ്പെടുത്തുന്നതിലും അങ്ങിനെ സാർവ്വലൌകികമായ ഒരു കലാകേന്ദ്രം അചിരേണ സംജാതമാകുന്നതിനു സംഗതിയാകുന്നതിലും കളരിയുടെ കരൾ ആനന്ദത്തിന്റെ നൃത്തം ചവിട്ടുന്നു. മററുരാജ്യക്കാർ ഭയങ്കരങ്ങളായ ഹിംസ്രായന്ത്രങ്ങൾ കണ്ടുപിടിക്കുന്നതിൽ ഉത്സുകരാണെങ്കിൽ ഭാരതാ സമാധാനമന്ത്രങ്ങൾ ഉച്ചരിച്ച് സ്നേഹമോഹനമായ ഒരന്തരീക്ഷത്താൽ ആ മാരകയന്ത്രങ്ങളെ നിഷ്പ്രയോജനമാക്കാൻ വൈഭവമുള്ളതാണെന്ന് മാലോകർ അനുഭവത്താൽ മനസ്സിലാക്കുമാറാകട്ടെ.

### അനുശോചനം

ആരുടെ 'കണ്ണുനീർതുള്ളി'യിലാണോ കൈരളി അളവററ ആഹ്ലാദത്തിൽ ആറാടിയത് ആ കവനകലാവിലാസിയെക്കുറിച്ച് ഇതാ ആ കൈരളിക്കുതന്നെ എന്നെന്നും തോരാത്ത കണ്ണുനീർ വാർക്കേണ്ടതായി വന്നിരിക്കുന്നു. ആരുടെ 'പൌരസ്ത്യദീപ'വും 'ആർഷജ്ഞാന'വുമാണോ കേരളത്തെ ഇപ്പോഴും ശോഭായമാനമാക്കിത്തീർത്തുകൊണ്ടിരിക്കുന്നത് ആ കേരളദീപം ഇതാ കെട്ടുപോയിരിക്കുന്നു. അന്യനാട്ടിലെ 'പാവങ്ങ'ളിലും ആർദ്രത തോന്നി ആരോ അവരെ നമ്മുടെ നാട്ടുകാരുമായി പരിചയപ്പെടുത്തി പരിപാലിച്ചുപോന്നു ആ പാവന ചരിതൻ!

അഹോ! നാലപ്പാട്ടു നാരായണമേനോൻ!

വയ്യേ! വയ്യ, വയ്യ!!

II

പരിപാവനങ്ങളായ വേദസൂക്തങ്ങളിലെ തത്വപ്പൊരുളുകൾകൊണ്ട് ഭാഷാസാഹിത്യസാമ്രാജ്യത്തെ അന്ധകാരമയമായ ആകാശത്തെ ഉൽക്കകൾ പോലെ, ഇടയ്ക്കിടയ്ക്കു പ്രകാശമാനമാക്കിയിരുന്ന ഹൈന്ദവധർമ്മമർമ്മജ്ഞനും പ്രശാന്തഗംഭീരനും ആയിരുന്ന ബ്രഹ്മശ്രീ വി. കെ. നാരായണഭട്ടതിരിയും ഇതാ അന്തരിച്ചു

പോയിരിക്കുന്നു. കളരിയുടെ ഒരു വൈദിക സാഹിത്യാചാര്യനും കലാകേന്ദ്രത്തിൻെറ ഉപദേശകസമിതിയിലെ ഒരു പ്രധാനപ്പെട്ട അംഗവും ആയ അദ്ദേഹത്തിൻെറ നിര്യാണം മലയാളത്തിനു മാത്രമല്ല, ലോകത്തിനു സാമാന്യമായും കളരിക്കു പ്രത്യേകമായും ഒരു വലിയ നഷ്ടമായിട്ടുണ്ട്. എന്തുചെയ്യാം! ഓം ശാന്തി! ശാന്തി!!

വേദങ്ങളെ! ഇനി നിങ്ങൾക്കു സുഖമായി ഉറങ്ങാം. നിങ്ങളെ അധികം അലട്ടുവാൻ ഇനി ആരും ഉണ്ടെന്നു തോന്നുന്നില്ല. അഹോ! അങ്ങിനെ നിങ്ങളും നീണ്ട ഉറക്കം തുടങ്ങിയാലോ? ആരാണ് ഞങ്ങളെ പൂർവ്വികന്മാരുടെ പുരാതന സംസ്കാരവിചാരങ്ങളാൽ ഉണർത്താനുള്ളത്? നിങ്ങൾ ആരെയെങ്കിലും അചിരേണ യഥാർത്ഥം അനുഗ്രഹിക്കേണമേ.

## കാര്യവിചാരം

വായനക്കാരുടെ അഭിരുചി അനുസരിച്ച് കളരിയിൽ കാലോചിതമായ പരിഷ്കാരങ്ങൾ കൈക്കൊള്ളുന്നതിൽ പ്രവർത്തകന്മാർ ബദ്ധശ്രദ്ധരായതുകൊണ്ട് ഉള്ളടക്കത്തെക്കുറിച്ചുള്ള സംക്ഷിപ്തങ്ങളായ അഭിപ്രായങ്ങൾ സാദരം ക്ഷണിച്ചുകൊള്ളുന്നു

'മിതം ച സാരം ച വചോഹി വാഗ്മിതാ' എന്ന തത്വം മറക്കരുത്.

ഏതു ഭാരതീയ ബാലനും ഈ കളരിയിൽ പയററുവാൻ അവകാശമുണ്ട്. പക്ഷെ, പയററു മുറകൾ പഠിക്കുന്നതിനു മുമ്പ് രംഗപ്രവേശം ചെയ്യാൻ ആരും അധികം ആശിക്കരുത്. ഒരുവിധം രംഗപ്രവേശത്തിനു പററിയവരെ ഞങ്ങൾ ചൊല്ലായിടിക്കാതെ വിടുകയില്ല.

ചെറുപ്പക്കാരായ ലേഖകമാരിൽ പലരെയും നല്ലവാസനക്കാരായി കാണാനുണ്ട്. അവർ അധികം വായിക്കയും കുറച്ചെഴുതുകയും ചെയ്യുന്നതായിരിക്കും നല്ലത്.

പുതുസാഹിത്യത്തിൻെറ പുറം പൂച്ചിൽമാത്രം ഭ്രമിക്കാതെ സാഹിത്യത്തിൻെറ സർവ്വതോമുഖമായ സൗഭാഗ്യത്തെ ആസ്വദിക്കുവാൻ അവർ സന്നദ്ധരാകട്ടെ!

ലേഖനങ്ങൾക്കിട്ടുമ്പോഴെല്ലാം പ്രസിദ്ധപ്പെടുത്താതിരിക്കേണ്ടതായി വന്നാൽ അതിലും ആരും പരിഭ്രമിക്കയോ, പരിഭവിക്കയോ ചെയ്യാതിരിപ്പാനപേക്ഷ. വൈശിഷ്ട്യം മാത്രമല്ല, വൈചിത്ര്യവും മററും അവലംബിക്കേണ്ടതായിവരുമല്ലൊ.

## ലോകകഥാമത്സരം

ലോകകഥാമത്സരത്തിന്ന് ഇന്ത്യയിൽനിന്ന് തിരഞ്ഞെടുത്തിട്ടുള്ളവരിൽ കേരളക്കരയിൽനിന്ന് ആരുമില്ലെന്നറിയുന്നതിൽ കളരിക്കുവലിയ കുണ്ഠിതമുണ്ട്.

കേന്ദ്രഭരണത്തിൻെറ ചുക്കാൻ പിടിക്കുന്ന പ്രാമാണികന്മാരിൽ അനേകം കേരളീയരുണ്ട്. വിദേശങ്ങളിൽ ഭാരത പ്രതിനിധികളായിട്ടുള്ള മലയാളികളുടെ എണ്ണവും താരതമ്യേന കൂടുതലാണ്. വിശ്വവിഖ്യാതന്മാരായ കവികളും സാഹിതീസമാരാധകന്മാരും ഭാഗ്യവശാത്തിൽകുറവല്ല. ലോകകഥാമത്സരത്തിന്ന് ഇന്ത്യയിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവരിൽ മലയാളികളില്ലാതാവാൻ കാരണമെന്ത്? ഇന്നത്തെ രീതിയിലുള്ള ചെറുകഥകളുടെ ആവിർഭാവം വ്യവസായത്തിൽ വിഖ്യാതിനേടിയ അമേരിക്കയിൽനിന്നാണെങ്കിലും, ചെറുകഥകളുടെ സ്വരൂപവും സ്വഭാവവും മാത്രമല്ല, വിവിധ സമ്പ്രദായത്തിലുള്ള അവയിൽ പലതിനേയും അപഗ്രഥിച്ച് ഓരോ പരമാണുവും സൂക്ഷ്മമായി പരിശോധിച്ച് അവയുടെ സൌഭാഗ്യം തികച്ചും മനസ്സിലാക്കിയ ഖണ്ഡകഥാ കൌതുകാസ്വാദകന്മാരിൽ, നമ്മുടെ നാട്ടിൽ ജനിച്ചുമരിച്ച ശ്രീ. എം. പി. പോളിനെപ്പോലെ ഒരാൾ ലോകത്തിൽ മററെവിടേയും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

ഭാരതത്തിൻെറ സാമാന്യമായും, കേരളത്തിൻെറ പ്രത്യേകമായും ഉള്ള പുരാതന മഹിമകളെ ഉദ്ധരിക്കയും പുതിയകഴിവുകളെ ഉണർത്തുകയും ചെയ്യാനായി ആവിർഭവിച്ചിട്ടുള്ള കളരി, കേരളീയരായ എല്ലാവരോടും സാർവ്വലൌകിക മത്സരങ്ങളിൽ ഉള്ളഴിഞ്ഞ് ഉത്സാഹിക്കുവാൻ സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇക്കൊല്ലത്തിൽ കഥാമത്സരത്തിൽ പററിയിട്ടുള്ള പന്തികേട് എവിടെയാണെന്ന് ആരായുവാൻ ഭാഷാ പ്രണയികളോട് അപേക്ഷിക്കയും ചെയ്തുകൊള്ളട്ടെ.

മാതൃഭൂമിയുടെ മാനം രക്ഷിക്കണമല്ലൊ.



# * തിരുമേനി എഴുന്നള്ളുന്നു

(എ. കെ. കുമാരപ്പണിക്കർ അഞ്ഞൂര്)

(വഞ്ചിപ്പാട്ട്.)

സത്യത്തിന്റെ വെളിച്ചത്തിൽ കൃത്യങ്ങൾ നിർവ്വഹിക്കുവാൻ
സത്വഗുണസമുജ്ജ്വലൻ സല്ലോകബന്ധു
ധർമ്മമാർഗ്ഗമോതീടുവാൻ ശർമ്മംനമ്മൾക്കരുളുവാൻ
കർമ്മലോലൻ തിരുമേനിയെഴുന്നള്ളുന്നു!
കണ്ണുകളേ! നിങ്ങൾചെയ്ത പുണ്യഫലങ്ങളെ മേന്മേ–
ലുണ്ണുവാൻ വികസിക്കുവിൻ തൃപ്തരാകുവിൻ!!

പൌരസ്ത്യർനാം സ്വാതന്ത്ര്യത്തിൻ പാഞ്ചജന്യം മുഴക്കവേ,
ഭാരതത്തിൻ പാരതന്ത്ര്യധ്വാന്തം നീങ്ങവെ,
രണ്ടെന്നില്ലാത്തോരീയിന്ത്യ രണ്ടായ് തീരുകില്ല, മാരും
കൊണ്ടാടുമീയാഷ്സംസ്ഥാരോജ്ജ്വല ഭൂവിൽ
ഉല്ലസിക്കും തിരുകൊച്ചിയല്ലലെന്ന്യേ ഭരിക്കുവോ,–
നെല്ലാരാലുമാരാധ്യനാം വഞ്ചിവല്ലഭൻ,
രാജശ്രീഗുണഗണങ്ങൾ രാജിക്കയാൽ നൂതനമാ–
യോജസ്സേറിയേറിവരും രാജപ്രമുഖൻ,
രാഗദ്വേഷം തീണ്ടിടാത്ത യോഗമാർഗ്ഗങ്ങളിലാത്മ–
യോഗംകണ്ടൊരാത്മാരാമനാനന്ദയോഗി,
അജ്ഞതയാലന്ധരായി പ്രജ്ഞയില്ലാതലവോരിൽ
വിജ്ഞാനത്തിൻകാന്തിവീശും മാണിക്യദീപം,
ക്ഷേത്രപ്രവേശനം നല്കി മൈത്രിപാരിൽവളർത്തിയ
ക്ഷത്രവീരന കന്മഷനദ്വൈതവാദി,
പത്മനാഭദാസൻ വഞ്ചി പത്മാലയരാജഹംസം
പത്മബന്ധുകുലരത്നം പത്മതൻസത്മം,
ധർമ്മമാർഗ്ഗമോതീടുവാൻ ശർമ്മംനമ്മൾക്കരുളുവാൻ
കർമ്മലോലൻ തിരുമേനിയെഴുന്നള്ളുന്നു.
കണ്ണുകളേ; നിങ്ങൾചെയ്തപുണ്യഫലങ്ങളെ മേന്മേ–
ലുണ്ണുവാൻ വികസിക്കുവിൻ തൃപ്തരാകുവിൻ!!

---

* രാജപ്രമുഖൻതിരുമേനി തൃശ്ശൂർഡിസ്ത്രിക്ടിലേയ്ക്കു എഴുന്നള്ളുന്നു എന്നു പത്രങ്ങളിൽ കണ്ടപ്പോൾ ഉള്ളിൽ ഉദിച്ചത്.

# വേദങ്ങളിലെ രാജ്യസേവനം

(വേദബന്ധു)

ഓം വിശ്വസ്വം മാതരമോഷധീനാം ധ്രുവാം ഭൂമിം പൃഥിവീം ധർമ്മണാ ധൃതാം! ശിവാം സ്യോനാം അനുചരേമ വിശ്വഹാ!!

(അഥർവ്വ_12_1_17.)

വിശ്വസ്വം — സർവ്വത്തിൻെറയും ജനനിയും
മാതരമോഷധീനാം — ഓഷധികളുടെ മാതാവും
ധ്രുവാം — തൻെറമര്യാദയിൽ സ്ഥിരയും
പൃഥിവീം — വിശാലയും ആയ
ഭൂമിം — ഈഭൂമി
ധർമ്മണാധൃതാം — ധർമ്മത്താൽ ധൃതയാകുന്നു.
ശിവാം — (അതിനാൽ) കല്യാണദാത്രിയും
സ്യോനാം — സുഖപ്രദായിനിയും ആയ ഭൂമിയെ
വിശ്വഹാ — എല്ലാദിവസവും
അനുചരേമ — സേവിക്കട്ടെ.

ഈ മന്ത്രത്തിൽനിന്ന് പല പ്രധാന സംഗതികളും നമുക്കു മനസ്സിലാക്കാവുന്നതാണ്. ധർമ്മത്തെ അവലംബിച്ചേ ഭൂമിയെ കൈക്കൊള്ളുകയും പരിപാലിക്കുകയും ചെയ്യാവൂ. എങ്ങിനെയെങ്കിലും ഭൂമി കൈവശപ്പെടുത്തിയാൽ, കൈവശം വെയ്ക്കുന്നതിനും പരിപാലിക്കുന്നതിനും വലിയവിഷമമാണ്. മര്യാദയിൽ സുസ്ഥിരയായ ഭൂമി മര്യാദലംഘിക്കുന്നവരോട് ചേൻ്ന്ഇണങ്ങി നില്ക്കയില്ലല്ലൊ. സർവ്വത്തിൻേറയും ജനനിയും ഓഷധികളുടെ മാതാവും ആകയാൽ സമത്വവും സ്വാതന്ത്ര്യവും സർവ്വത്രസംരക്ഷിച്ചേ ഭൂമി കല്യാണദാത്രിയും സുസുഖപ്രദായിനിയും ആയി ഭവിക്കയുള്ളു എന്നുവരുന്നു.

ഈ തത്വങ്ങളെല്ലാം അറിഞ്ഞോ അറിയാതെയൊ ഉള്ളിൽ ഉദിച്ചതിൻെറ ഫലമായിട്ടായിരിക്കാം മഹാത്മജി അഹിംസയേയും സത്യവ്രതത്തേയും മുറുക്കിപ്പിടിച്ച് ഭാരതസ്വാതന്ത്ര്യത്തിനു മുതിന്നത്. ധാർമ്മിക മനശ്ശക്തിയുടെ ആദിത്യനസ്തമിക്കാത്ത സാമ്രാജ്യത്തെക്കൂടി തലകുനിപ്പിക്കാൻ സാധിക്കുമെന്ന്, വിശ്വസിക്കാതിരുന്നവക്കും ഇപ്പോഠം വിശ്വസിക്കാറായിട്ടുണ്ടല്ലൊ.

വിശാലയായ ഭൂമി എന്നുപറഞ്ഞിരിക്കുന്നതിൽനിന്ന് ഒരുവൻ മാതൃഭൂമിയുടെ സേവനം മാത്രം ചെയ്താൽ പോരാ എന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. മാതൃഭൂമിയുടെ സേവനം അവിടത്തെ ക്ഷേമ സമാധാനങ്ങഠംക്കാണല്ലൊ ആ ക്ഷേമസമാധാന പരിപാല മാർഗ്ഗങ്ങളെ വ്യാപകമായ കർമ്മ വൈഭവം കൊണ്ട് ഇതരഭൂഭാഗങ്ങഠംക്കുകൂടി ബാധകമാക്കി അവിടെയും ക്ഷേമസമാധാനങ്ങഠം സംരക്ഷിക്കുന്നതിനു വേണ്ട സഹായസഹകരണങ്ങഠം ചെയ്യേണ്ടതാണ്. അതിനുവേണ്ടിയായിരിക്കാം മഹാനുഭാവനും ലോകസമാധാനപ്രിയനുമായ നമ്മുടെ പ്രധാന മന്ത്രി ഇതരരാജ്യങ്ങളിലെ സ്ഥിതിഗതികഠം കണ്ടുമനസ്സിലാക്കി അവരുമായി സൌഹാർദ്ദം പുലത്തുവാൻ പുറപ്പെട്ടിട്ടുള്ളത്. ലോകശ്രേയസ്സിനായി അവതരിച്ചിട്ടുള്ളവരുടെ മനസ്സ് ആ വക കാര്യങ്ങളിൽ താനേ വ്യാപരിക്കാതിരിക്കയില്ലല്ലൊ.

ലോകാനുഗ്രഹവ്യഗ്രനായ മഹാത്മജി ഭാരതസ്വാതന്ത്ര്യത്തിനു വേണ്ടിയാണ് വലിയത്യാഗങ്ങഠം സസന്തോഷം സ്വാഗതം ചെയ്തതെങ്കിലും, അദ്ദേഹവും ലോകസമാധാനത്തെയാണ് ഉന്നിയിരുന്നത് എന്നു നിർവ്വിവാദമാകുന്നു.

'ലോകമേ തറവാട്; തനിക്കിച്ചെടികളും
പുൽകളും പുഴക്കളുംകൂടിത്തൻ കുടുംബക്കാർ.'

എന്നിങ്ങിനെ ആരെക്കുറിച്ച് നമ്മുടെ മഹാകവി ഗാനം ചെയ്തുവോ അദ്ദേഹത്തിൻെറ ലക്ഷ്യം ലോകസമാധാനമാണെന്നു തീർച്ചപ്പെടുത്താമല്ലൊ.

സമുദ്രവസനേ! ദേവി!
പർവ്വതസ്തന മണ്ഡിതേ!



# യോഗസംഗ്രഹഃ

(എം. ഡി. കറുപ്പ്)

1

ഗുരുകാരുണ്യമാലംബ്യ
യോഗശാസ്ത്രാദ് യോഗസംഗ്രഹഃ
മുമുക്ഷൂണാം കൃതേ കിഞ്ചിദ്
വിവൃണോമി യഥാമതി.

2

ജ്ഞാനേന്ദ്രിയാണി ശ്രോത്രാദീൻ
കർമ്മേന്ദ്രിയഗണാനപി
രസാദീൻ സപ്തധാതൂംശ്ച
തത്വതഃ സന്നിയച്ഛതി.

3

പ്രാണാത്മനാഥ സർവ്വേഷാം
ജീവനാം ഹൃദയേ സ്ഥിതഃ
യശ്ചേതനാം ചോദയതി
സർവ്വകർമ്മസു സന്തതം.

4

അജ്ഞേയോയമലക്ഷ്യോയ
മാത്മാ നിത്യോ നിരഞ്ജനഃ
സ്വാനുഭൂത്യേകഗമ്യോയം
പരം ബ്രഹ്മ നിഗദ്യതേ

5

നിരവദ്യം തടസ്ഥാകം
ഹൃദയേ സംപ്രരാജതേ
വികാരവീചിവിക്ഷേപാത്
നാവിർമ്മന്ദതതോദയം

---

ഹരിപ്രിയേ! നമസ്തുഭ്യം
പാദസ്പർശം ക്ഷമസ്വ മേ.

എന്ന് ഉച്ചരിച്ചുകൊണ്ടാണ് ഇന്നും അതിരാവിലെ എഴുന്നീറ്റ് ചില ഭാരതീയർ ഭൂമിയിൽ കാലൂന്നുന്നത്. ഇത്രയും ഭൂമിയെക്കുറിച്ച് ഭക്തിബഹുമാനാദികൾ ഉള്ള ഒരു ജനസംഘം വേറെ എവിടെയുണ്ട്?

യാതൊരുവിധത്തിലും പീഡകൾ യാതൊരാൾക്കും ഉണ്ടാകാതിരിക്കത്തക്കവണ്ണം പ്രവർത്തിക്കയും എന്തെങ്കിലും തരത്തിൽ മററുള്ളവക്കും ഉപകാരപ്രദമാകുന്ന വിധത്തിൽ ജീവിതം വിനിയോഗിക്കയും ചെയ്യുന്നതാണ് ധർമ്മം. ധർമ്മാനുഷ്ഠാനത്തിൻെറയും രാജ്യസേവനത്തിൻെറയും ബീജങ്ങൾ ഓരോ ഭാരതീയൻെറയും ഹൃദയത്തിൽ മുളപ്പിക്കുവാൻ ഈ പഴമയുടെ മഹിമയെക്കുറിച്ചുള്ള ഓർമ്മകൾ ഉപകരിക്കുമെന്നു വിശ്വസിക്കുന്നു.

‘നിത്യവും മനോരഥങ്ങൾ വരഞ്ഞുപോം കാലക്കപ്പ-
ലെത്തിപ്പൂ പുറപ്പെട്ടിടത്തിൽതാൻ യാത്രക്കാരെ’.

(വള്ളത്തോൾ)

---

വേദങ്ങളിലെ അനുരാഗം, സമഭാവന, ജീവിതചര്യ, ധർമ്മാചരണം, കർമ്മകുശലത, തുടങ്ങി പലതിൻെറയും വൈശിഷ്ട്യങ്ങളെക്കുറിച്ച് വായനക്കാർക്ക് രുചിക്കുമെങ്കിൽ കളരി ക്രമേണ അല്പാല്പമായി പ്രകാശിപ്പിക്കുന്നതായിരിക്കും. (ക. പ.)

6

ഐകരൂപ്യേണതദ് ബ്രഹ്മ
സർവ്വഭൂതേഷുസർവ്വദാ
സർവ്വതോമുഖമാഭാതി
തിലേതൈല മിവാന്തരാ

7

മേരുദണ്ഡാവപന്നൈസ്തു–
ജ്ജീവിഭിശ്ച വിശേഷതഃ
മാനവൈശ്വസമാസാദ്യ
മംബരം വിഹഗൈരിവ

8

ജ്ഞാനവിജ്ഞാനസമ്പന്നൈ
മഹത്ഭിർന്നിയമാദിഭി:
കുണ്ഡലിന്യാഃ പ്രബോധേന
ദൃശ്യതേ തമസഃപരം

9

രത്നാകര തലാദ്പാരാശേഃ
രത്നാന്വേഷണതൽപരാഃ
യഥാസ്ഥാന മജാനന്തോ
യഥാമജ്ജന്തി മാനവാ:

10

ഏവംസ്ഥിതേ വസ്തുതത്വേ
വാസനാവാസിതാത്മഭിഃ
വിസ്മര്യ്യതേതദസ്മാഭിഃ
സ്വപ്നഃസ്വപ്നോത്ഥിതൈരിവ

11

ബ്രഹ്മസാക്ഷാദ്കൃതിസ്ഥാന–
മജാനന്തോവി മോഹിതാ:
കർമ്മകാണ്ഡേഷുസജ്ജന്തേ
നിശ്രേയസപരാൻമുഖാഃ

12

രാജയോഗപദപ്രാപ്ത്യാ
പൂതാത്മാനോയതീശ്വരാഃ
പുരാണാഃപരയാശക്ത്യാ
യുക്താമുക്തിമുപാശ്രിതാഃ

13

തത്തൽകാലേഷുബഹവോ
മാർഗ്ഗൈശ്ചബഹുഭിഃചിരം
പ്രയാതാപ്രയതന്തേസ്മ
സ്വാത്മദർശനലാലസാഃ

14

ഏവംബഹുവിധംജാത–
മദ്ധ്യാത്മജ്ഞാനസഞ്ചയം
ജന്മന്യനന്തേ ഽ ചിനാന്തേ
സമാംലൂഷ്യൻ യഥാമതി

15

മോക്ഷാർത്ഥിനോപിവിജ്ഞാന
ശൂന്യത്വാത് കതിചിൽനരാഃ
സുഗമംസുഖദം മാർഗ്ഗ
മാജാനന്തോത്രവഞ്ചിതാഃ

16

അഹോനഖല്വ! ഭോ! കഷ്ടം
സർവ്വേഷാംസാർവ്വകാലികം
സുകരംസുഗമം മാർഗ്ഗം
സവ്വേശ്രൃണ്വന്തുസത്വരം

17

ജീവാത്മമനസോരൈക്യം
വിനാമോക്ഷോനലഭ്യതേ
ഏവംവിധോഹിമോക്ഷാർത്ഥ
രതാഭവതിയോഗിന:

18

ആത്മാപഗ്രഥനേനൈവ
ചാത്മരൂപംപ്രപദ്യതേ
കേവലഗ്രന്ഥപാണ്ഡിത്യാ
ന്നകശ്ചിദ് ഫലമശ്നുതേ

19

അപൌരുഷേയേ വേദാദൌ
അർത്ഥവാദോപിവർത്തതേ
മാനവാനാം വിമുക്ത്യർത്ഥാ
കേവലാസാപ്രചോദനം

20

ചിത്രപ്രപഞ്ചേദൃഷ്ടാനാം
ചിത്രാണാം ഭാവനാത്മകൈഃ
വർണ്ണനൈർബഹവോദേവാ
ഇന്ദ്രാദയ ഉദാഹൃതാഃ

21

സഹസ്രശീർഷാദിമത്താ
ബ്രഹ്മണോവർണ്ണിതാശ്രുത്യാ
സാബോധയതി വിശ്വസ്യ
നാനാജീവിസ്വരൂപതാം

(തുടരും)

# ★ പുളകം ★

(പൊലിയേടം ചാഴൂർ)

(കേക)

ഭാവനേ! ഭവ്യാദർശ
    ജീവിതപ്പൂങ്കാവിലെൻ
കാവ്യ ചേതന ചിന്തും
    ഹൃദയമൂലാത്തവേ,
നീ വന്നു നിലാവൊളി–
    പ്പുഞ്ചിരി ചുണ്ടിൽ തഞ്ചി
ഭാവുകമാശംസിക്കും
    ഭാവങ്ങൾ കണ്ണിൽ തിങ്ങി
എൻ ചിരപ്രതീക്ഷ തൻ
    ഭാസുര സാക്ഷാൽക്കാര–
മഞ്ചിതമാശാസ്വനം.
    വിടർത്തും പ്രഭാസാരം!
സമയം സമാഗതം!
    വിരിയൂ രാഗോദാര
സുമമേ! പാടൂ നവ്യ
    ഗീതമെൻ ഹൃദയമേ!

പാവനേ! പുല്ലാങ്കുഴൽ
    പ്രേമത്തിൻ സുരഭില–
കാവ്യങ്ങൾ പാടീടുമ്പോൾ
    പുളകമണിയും നീ.
സുമങ്ങൾ പരത്തുന്ന
    പൂവിതളുടയുമ്പോ–
ളോമനേ! തപ്താശ്രുക്ക–
    ളാകുലം പൊഴിക്കും നീ.
കിളികൾ പ്രണയാർദ്ര
    മുദ്രകൈ പകരുമ്പോൾ
തെളിയും മന്ദഹാസം
    നിന്മുഖ കമലത്തിൽ
പുഞ്ചിരി മായും മുമ്പാ–
    ച്ചെഞ്ചുണ്ടിലർപ്പിക്കാം ഞാ–
നാഞ്ചിതമെൻ ചുംബനം.
    പുളകപ്പുളപ്പോടും.

---

# പ്രേമചന്ദ്രിക

(അവിണിശ്ശേരി നാരായണൻ നമ്പീശൻ)

(കാകളി)

ആകാശഗംഗയിൽ നീരാടലും കഴി–
ഞ്ഞേകയായ് പോകുവോളേതൊരു മോഹിനി?
വിശ്വത്തെ വിണ്മലർത്തോപ്പാക്കി മാററിടും
വിസ്മയക്കാരിണിയാ,ണാവിലാസിനി!

തങ്കക്കിനാവുപോ,ലെന്നുന്നിലന്നു നീ
ശങ്കാവിഹീനം കളിച്ചവളല്ലയോ?
കാമിനീ! നീയെൻ മധുരമനോഹര–
കാവ്യാംഗനയായ് ലസിച്ചവളല്ലയോ?

പ്രേമമരന്ദമിവനമേകേണമേ,
കോമളേ! — വാസന്തരാവിൻ കുമാരികേ!!
മാമകജീവിതം ഭാസുരമാക്കുകെ,ൻ
മായികേ! — നിർമ്മലാനന്ദപ്രദായികേ!

---

# പ്രകൃതിയും കവികളും

(വെള്ളാട്ടുകര ഗോവിന്ദമേനോൻ)

വിസ്തൃതമായ വിശ്വപ്രകൃതിയിൽ മനുഷ്യർ, ജലാശയങ്ങളിൽ ജലജന്തുക്കൾ എന്നപോലെ, സർവ്വദാ ഊളിയിട്ടു സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ കൃത്യാന്തര പാരതന്ത്ര്യത്താലോ ഉദാസീനഭാവത്താലോ എന്തോ അധികംപേരും മനോഹരമായ പ്രകൃതിവിലാസങ്ങൾ ശരിയായി കാണുന്നുണ്ടെന്നു തോന്നുന്നില്ല. കണ്ണുണ്ടെങ്കിലും ചിലർ കാണുന്നില്ല. കരളുണ്ടെങ്കിലും ചിലർ ജീവിക്കുന്നില്ല. കാണേണ്ടതു കണ്ടാലേ കണ്ണുള്ളതിന്റെ ഫലമായുള്ളുവല്ലോ. ലോകോപകാരപ്രദമായി ജീവിച്ചാലേ ശരിയായി ജീവിച്ചു എന്നു പറവാനും പാടുള്ളു. പ്രകൃതിയുടെ മഹിമകളെ ശരിയായി കണ്ടു ഗ്രഹിച്ച് അവയെ വിശദീകരിച്ച് മാലോകർക്കു മനസ്സിലാക്കിയാലേ കണ്ടതിന്റെ ഫലം ഉണ്ടാകുന്നുള്ളു എന്നു ചുരുക്കം.

ഹൃദയാവർജ്ജകമായ സൌന്ദര്യ വിലാസങ്ങൾ കൊണ്ട് ആനന്ദിപ്പിക്കുക. സ്നേഹപൂർവ്വമായ നർമ്മസല്ലാപങ്ങൾകൊണ്ട് കൃതാർത്ഥതാസൌഖ്യം ഉളവാക്കുക എന്നീ കാര്യങ്ങൾ ആലോചിക്കുമ്പോൾ പ്രകൃതി അവനെ സ്നേഹിക്കുന്നവന്റെ ഒരു ഇഷ്ട പത്നിയായി എപ്പോഴും അനുവർത്തിക്കുന്നതായി കാണാം. പ്രകൃതിയുടെ സമ്മോഹനമായ സൌഭാഗ്യങ്ങൾ സമീക്ഷിച്ച് സമീക്ഷിച്ച് അതിന്റെ സ്നേഹ മഹിമയിൽ അലിഞ്ഞലിഞ്ഞ് തന്മയത്വം പ്രാപിച്ച് അതിൽതന്നെ ലയിക്കുന്നവരാണ് കവികൾ.

'ഒന്നായും സൌഖ്യദുഃഖങ്ങളിലനുഗുണമാ-
യേതുകാലത്തുമുൾപ്പൂ-
വിന്നുല്ലാസപ്രദമായും, രസമജരയാൽ
ഭേദിയാതുള്ളതായും,
പിന്നെക്കാലേന തീർന്നാമറവുകളൊടുവിൽ
സ്നേഹസത്തായു,മെന്നും
ഇന്നിക്കാണുള്ള പതിപ്രണയമധിക പു-
ണ്യത്തിനാലേ ലഭിക്കു.

എന്നിങ്ങനെ അളവററ പുണ്യംകൊണ്ടു മാത്രം സിദ്ധിക്കുന്ന പതീപ്രണയത്തിന്റെ ധർമ്മങ്ങൾ ഉത്തരരാമചരിതം നാടകത്തിൽ പ്രകൃതിപ്രിയനായ ഭവഭൂതി വർണ്ണിച്ചിട്ടുള്ളത് പ്രണയിനിയായി അനുവർത്തിക്കുന്ന പ്രകൃതിയുടെ ധർമ്മങ്ങൾ കൂടി പ്രതിധ്വനിപ്പിക്കുന്നതായി തോന്നുന്നു.

'ഒന്നായും'— പ്രകൃതിയുടെ ഒരംഗം തന്നെയാണല്ലോ അതിനെ സ്നേഹിക്കുന്നവനും. അതുകൊണ്ട് പ്രകൃതിയും അവനും ഒന്നുതന്നെയാണ്. രണ്ടായി കാണുന്നുണ്ടെങ്കിലും രണ്ടല്ല. നാം, നമ്മുടെ ഒരംഗം ആരെങ്കിലും തൊട്ടെങ്കിൽ, അവർ നമ്മെ തൊട്ടുവെന്നു പറയാറുണ്ടല്ലോ. അംഗവും അംഗിയായ നാമും ഭിന്നമല്ല എന്നുള്ളതുകൊണ്ടാണ് അങ്ങിനെ പറയുന്നത്. അതിനാൽ പ്രകൃതിയും അതിന്റെ ഒരംഗമായ അതിനെ സ്നേഹിക്കുന്നവനും ഒന്നുതന്നെ. ദേഹംകൊണ്ടു രണ്ടായി കാണാമെങ്കിലും മനസ്സുകൊണ്ട് ഉത്തമദമ്പതിമാരും ഒന്നുതന്നെയായിരിക്കുമല്ലോ.

'സൌഖ്യദുഃഖങ്ങളിലനുഗുണമായേതു കാലത്തുമുൾപ്പൂവിന്നുല്ലാസപ്രദമായും'— സുഖത്തിലും ദുഃഖത്തിലും ഒപ്പം പങ്കുകൊണ്ട് എപ്പോഴും മനസ്സിനു ആശ്വാസം തരുന്നവളാണ് സഹധർമ്മിണി. പ്രകൃതിയും അങ്ങിനെ തന്നെ. മനുഷ്യന്റെ മനോവികാരങ്ങൾക്കും അനുഭവങ്ങൾക്കും അനുരൂപമായി പ്രകൃതി ഭാവഭേദങ്ങൾ കൈക്കൊള്ളുന്നു. വെടികൊണ്ടു താഴെ വീഴുന്ന പക്ഷിയെക്കണ്ടു കണ്ണുനീർ തൂകുന്ന കവി പ്രകൃതിയും തന്നോടുകൂടി അനുശോചിക്കുന്നതായി കാണുന്നതുകൊണ്ടല്ലേ

'ശിരസ്സു ചായും ചില പുല്ലുകൾക്ക-
ത്തിററിററു വീഴുന്നു ഹിമോദബാഷ്പം'

എന്നു പറയുവാൻ സംഗതിയായത്? സുഖകാലങ്ങളിൽ രാത്രിയിൽ ചന്ദ്രൻ വെൺപുഞ്ചിരി തൂകുമെങ്കിലും ദുഃഖകാലങ്ങളിൽ മഞ്ഞുതുള്ളികൾ കൊണ്ടു കണ്ണീർ പൊഴിക്കുകയും സന്താപശമനത്തിന് ചന്ദന ലേപനം നടത്തുകയും ചെയ്യുന്നതായി പ്രകൃതി പ്രേമികൾക്ക് അനുഭവപ്പെടുന്നതായിരിക്കും. ഉല്ലാസവേളകളിൽ കാററത്തിളകുന്ന വൃക്ഷങ്ങളുടെ ഇലകൾ മർമ്മരത്താൽ ആർപ്പു വിളിക്കുകയാണെങ്കിൽ, ആപൽഘട്ടങ്ങളിൽ അവ വിലപിക്കുകയാണ് ചെയ്യുക. ഇങ്ങിനെ സൌഖ്യദുഃഖങ്ങൾക്കനുഗുണമായേതു കാലത്തും ഉൾപ്പൂവിന് ആശ്വാസം നല്കുന്ന ഒരു പ്രേയസി തന്നെയാണ് പ്രകൃതി.

'രസമതു ജരയാൽ ഭേദിയാതുള്ളതായും'— വാർദ്ധക്യം പ്രകൃതിയുമായി രമിക്കുന്നതിനുള്ള ശക്തി കുറയ്ക്കുന്നതല്ല. നേരെ മറിച്ചു കൂട്ടുകയാണ് ചെയ്യുക. കാലം ചെല്ലുംതോറും പ്രകൃതി തത്വങ്ങൾ കൂടുതൽ കൂടുതൽ ഗ്രഹിക്കുവാൻ സാധിക്കയും പ്രകൃതി പ്രതിപത്തി വർദ്ധിക്കയുമാണല്ലൊ ഉണ്ടാവുക.

'പിന്നെ കാലേനതിന്നാമറവുകളൊടുവിൽ സ്നേഹസത്തായും'— കാലക്രമംകൊണ്ട്, പ്രകൃതി മറച്ചു വെച്ചിട്ടുള്ള—ഗ്രഹിക്കുവാൻ സാധിക്കാതിരുന്ന—ധർമ്മസംഹിതകൾ വെളിപ്പെടുകയും വെളിപ്പെടുംതോറും തന്നോടുള്ള സ്നേഹമഹിമ വർദ്ധിക്കുന്നതായി തോന്നുകയും ചെയ്യുന്നതുകൊണ്ട് സ്നേഹത്തിനു ദാർഢ്യം കൂടുന്നതാണ്. 'കാലേനാവരണാത്യയാത്' എന്നാണല്ലൊ മൂലം. പ്രകൃതി അതിനെ സ്നേഹിക്കുന്നവന്റെ മുമ്പിൽ തന്റെ ആവരണം ക്രമേണ നീക്കി ഉള്ള ഉറന്നുള്ള സ്നേഹധർമ്മങ്ങളെ പ്രകാശിപ്പിക്കുന്നു. വധൂവരന്മാർക്കാണെങ്കിൽ, പെരുമാററത്താൽ കാലക്രമംകൊണ്ടു മാത്രമാണല്ലൊ രണ്ടുപേരുടേയും മനസ്സ് തമ്മിൽ തമ്മിൽ അറിയാൻ സാധിക്കുന്നത്. അങ്ങിനെ പരസ്പരം ഉള്ളറിഞ്ഞാൽ ആവരണം മെല്ലെമെല്ലെ നീങ്ങുകയും വിശ്വാസം വർദ്ധിക്കയും സ്നേഹദാർഢ്യം ഭവിക്കയും ചെയ്യുന്നു. പ്രകൃതി കാലത്താൽ തന്റെ രഹസ്യങ്ങളെ വെളിപ്പെടുത്തി സ്നേഹിക്കുന്നവനിൽ വിശ്വാസം ജനിപ്പിക്കയും ജയാപതിമാർ കാലക്രമത്തിൽ മാനസൈക്യം നേടുകയും ചെയ്യുന്നു എന്നു സാരം.

'എന്നും ഭിന്നിക്കാതുള്ള പതീഹൃദയം'— ഒരു കാലത്തും വേർപെടാതെ ജനിയിലും മൃതിയിലും, സമ്പത്തിലും ആപത്തിലും, നാട്ടിലും കാട്ടിലും, കരയിലും കടലിലും, സ്വർഗ്ഗത്തിലും നരകത്തിലും ഭിന്നിക്കാതെ പ്രകൃതിപ്രേമി പ്രകൃതിയിലും പ്രേയാൻ പ്രേയസിയിലും ലയിക്കുന്ന വിധത്തിലുള്ള സ്നേഹം വലിയ പുണ്യംകൊണ്ടു മാത്രമേ സിദ്ധിക്കയുള്ളു. അതേ പ്രേയസീപ്രണയവും പ്രകൃതി പ്രേമവും അളവററ സുകൃതംകൊണ്ടു മാത്രം നേടാവുന്ന ഒരു അനശ്വര സമ്പത്താണ്.

പ്രകൃതിയെ, 'ഇഷ്ടംപാരമുദിക്കയാൽ ഹൃദയമൊന്നായുള്ള കാന്ത'യായിട്ടു തന്നെയാണ് യഥാർത്ഥ കവികൾ കരുതുന്നത്. പ്രകൃതിയുടെ ഏതു ലഘുവായ ഭാഗവും അവർക്കു വലിയ പ്രിയവും ആനന്ദപ്രദവും ആണ്. ഒരു വെറും മഴത്തുള്ളി കണ്ട് ഇന്ദ്രന്റെ വെൺകൊററക്കുടയിൽ നിന്നു പൊട്ടിവീണ കുളുർമുത്തായും ദേവലോകത്തു ഓടിച്ചാടിക്കളിക്കുമ്പോൾ കാലിടറിത്തെററി വീണ ഒരു ദേവകുമാരനായും മഹാകവി ഉള്ളൂരിനു തോന്നുവാനുള്ള കാരണം ഇതാണ്. സാധാരണക്കാർക്ക് ക്ഷുദ്രമെന്നു തോന്നുന്ന പലതും കവികൾക്ക് വളരെ കാമ്യവും കൌതുകപ്രദവുമായിരിക്കും. അല്ലെങ്കിൽ തലയിൽ പല്ലുകെട്ടും ചുമന്ന് തൃണത്തിലും തൻ നിലതാഴെയെന്നു തീർത്തതിക്കൊണ്ട് പ്രാകൃതവേഷത്തോടുകൂടി പോകുന്ന ചെറുമിയിലും മറ്റും ദർശനീയതകൾ പൊഴിച്ചുതള്ളുന്ന പുത്തൻരീതിയിലും ആസ്വാദ്യമായ് വല്ലതും അവർ ദർശിക്കയില്ലല്ലൊ.

'മൂകരാമെന്നാലൊരേടത്തിരുന്നാലും
ലോകമെങ്ങും ചുററിസ്സഞ്ചരിക്കുന്നവർ
കണ്ണാലെ കാണുന്നു ഞങ്ങളെന്നോ കോഴിയെക്കണ്ടും,
പുലർകാലമെരിക്കുമ്പോഴീനാ-
ളെപ്പാരമൊന്നുമേ ഞങ്ങളറിയുമോ'

എന്നു ചോദിച്ചുകൊണ്ടു വള്ളത്തോൾ അങ്ങോട്ടു ദർശിക്കുന്നു.

ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു മെല്ലെമെല്ലെ താളം പിടിച്ചും, വെൺനുരപ്പൊൽപ്പൂഞ്ചിരികൊണ്ടു പൊഴിച്ചും, തിരയണിച്ചില്ലിവില്ലാട്ടവിലാസങ്ങൾ കാണിച്ചും, കളകള മനോഹര ഗാനം പാടിയും ആഴിയെ പുല്കുവാൻ പോകുന്ന പുഴകളെക്കണ്ടു അലിഞ്ഞാനന്ദിക്കുന്ന കവികൾ നമ്മുടെ നാട്ടിൽ പലരെത്ര!

ആശാനാകട്ടെ, പ്രകൃതിയോടു യാത്ര പറഞ്ഞ്- 'താൻ താനഞ്ഞു വട്ടം നിജഗമനറിയൊയാത്രയും ചൊല്ലിയോച്ച്'— അല്ലാതെ പിരിഞ്ഞുപോകുവാൻ കൂടിക്കഴിയുന്നില്ല. 'ദിനസാമ്രാജ്യപതി'യായ ദിവസ്പതിയോടും, 'സുസിതാംബരനായി വൃദ്ധനായ് ബിസിനീതന്തുമരീചികേശനായ് ലസിതസ്മിതനായി ചന്ദ്രികാഭവിതസ്നാതനായ മൃഗാങ്ക'നോടും, 'അന്തിയിലും വെളുപ്പിലും ചിത്രവിരിപ്പു നെയ്തു വിയദാലയ വാതിൽ മൂടുന്ന ത്രിസന്ധ്യ'കളോടും മററും യാത്ര പറയിച്ചല്ലാതെ സീതയെ കൂടി അന്ത്യവേർപാടു ചെയ്യാൻ ആശാൻ അനുവദിക്കുന്നില്ല. ഈ യാത്രാവചനത്തിൽ സീതയുടെ ഗുരുജനങ്ങളോടും യാത്ര പറയുന്നതായി സമാസോക്തി ഭംഗിയിലോ മറേറാ ധ്വനിക്കുന്നുണ്ടെങ്കിൽ അതു് കവിയുടെ കലാകൌശലത്തിലുള്ള കമനീയതകൊണ്ടാണ്.

ഭർത്തൃഗൃഹത്തിലേക്കു യാത്രയാകുന്ന ശകുന്തള കണ്വാശ്രമത്തിലുള്ള പക്ഷിമൃഗാദികളോടും വൃക്ഷലതാദികളോടും ഒക്കെ യാത്ര പറഞ്ഞു പിരിയുമ്പോൾ 'കണ്ണീർവീഴുമുടൻ നിറഞ്ഞിടുമതിൻ മദ്ധ്യത്തി'ലാണ് തമ്മിൽ തമ്മിൽ കാണുന്നതുതന്നെ. അരണ്യവാസമുനികൾ കൂടി ആ അവസരം അത്യന്തം വേദനാജനകമായിത്തീന്നു.

സുജനങ്ങളെ ദുഃഖകാലങ്ങളിൽ എന്തു ചെയ്തും സഹായിക്കുന്നതിന് പ്രകൃതി എപ്പോഴും സന്നദ്ധയാണ്. വിരഹപീഡിതരുടെ ദൌത്യം വഹിക്കുവാൻ മേഘം, ശുകം, ചാതകം, കോകിലം, മയൂരം മുതലായവയെ കവികളുടെ ആവശ്യവും അഭീഷ്ടവും അനുസരിച്ച് പ്രകൃതി അയച്ചു കൊടുക്കും. ദൂതന്മാർക്കു വേണമെങ്കിൽ അകമ്പടി പോകുന്നതിനും പ്രകൃതിയുടെ ആൾക്കാർക്ക് മടിയില്ല. 'ദീനരെക്കാത്തൊരുബഹുസുകൃതങ്ങളല്ലി കയ്യിലപ്പൊഴും സിദ്ധിക്കും' എന്ന് അവയെല്ലാം ഉറപ്പുണ്ട്. വിരഹ പരവശനായ യക്ഷന്റെ മേഘം ദൂതു പോകുമ്പോൾ തുണപോകുവാൻ രാജഹംസങ്ങൾക്കും വലാകങ്ങൾക്കും യാതൊരു വൈമനസ്യവും കാണുന്നില്ല.

സീതാന്വേഷണാത്ഥം ഹനൂമാൻ മഹേന്ദ്ര പവ്വതത്തിൽ നിന്ന് ലങ്കയിലേക്ക് ചാടുമ്പോൾ പവ്വതത്തിലെ വൃക്ഷങ്ങൾ ചാട്ടത്തിന്റെ ശക്തിയാലുണ്ടായ കാററിൽ കടപുഴറിഞ്ഞ് കൂടെ ഹനൂമാനെ അനുയാത്ര ചെയ്യുംപോലെ പോയതായി ഭോജൻ തന്റെ ചമ്പുഗ്രന്ഥത്തിൽ പറയുന്നു. അതുമാത്രമല്ല, അണകെട്ടി സൈന്യത്തെ അക്കര കടത്തി യുദ്ധംതന്നെ വേണ്ടിവരും സീതയെ വീണ്ടുകിട്ടാൻ എന്നറിവുള്ള ആ വൃക്ഷങ്ങൾ ക്രമേണ താഴത്തു സമുദ്രത്തിൽ വീണു അവയുടെ പുറത്തു കാണുന്ന അഗ്രഭാഗങ്ങളെക്കൊണ്ട് ഭാവിയിലെ സേതുബന്ധനത്തിന് മുഹൂത്തം നോക്കി കുററിയടിക്കുക കൂടി ചെയ്യുന്നുണ്ട്.

ഏതവസ്ഥയിലും നമ്മെ സമാധാനിപ്പിച്ച് ധമ്മോപദേശം ചെയ്യുന്നതിന് പ്രകൃതിക്കുള്ള നൈപുണ്യം അന്യാദൃശമാണ്.

'പ്രതികൂലതാമുപഗതേഹി വിധൌ
വിഫലത്വമേതി ബഹുസാധനതാ
അവലംബനായ ദിനഭത്തുരഭൂ-
ന്നപതിഷ്യതഃ കരസഹസ്രമപി' (മാഘം)

സഹസ്രകരനായ സൂയ്യന്റെ പതനംകൊണ്ട്, ഒരു കരമെങ്കിലും പിടിച്ചു നില്ക്കുവാൻ ഉപകരിക്കായ്കയാൽ വിധി പ്രതികൂലനാണെങ്കിൽ എന്തൊക്കെസ്സുഖവിഭവങ്ങളുണ്ടെങ്കിലും അനുഭവത്തിന് ഉതകുകയില്ല എന്ന് മാഘ കവിക്കു പ്രകൃതി ഉപദേശിക്കുന്നു. സുധാരസം കൈവ ശത്തിലെഴുമോഷധീശന്റെ അസ്തമയംകൊണ്ട്', 'ഏവനും നിയതമന്ത്യകാലമുണ്ട്' എന്ന പരമാത്ഥം, ഉമാകേരളത്തിൽ ആദിത്യവമ്മമഹാരാജാവിന്റെ അപ്രതീക്ഷിതമായ മരണത്തെ പ്രതിപാദിക്കുന്ന സഗ്ഗത്തിൽ പ്രകൃതി മഹാകവി ഉള്ളൂരിന്റെ പ്രതിഭയിൽ പ്രകാശിപ്പിക്കുന്നു.

'ശ്രീഭുവിലസ്ഥിര'മെന്നും, 'ഒന്നല്ലി കയ്യുകൾ രചിച്ചതു നമ്മെയെല്ലാ'മെന്നും പ്രകൃതി കുമാരനാശാനെക്കൊണ്ട് അനുസ്മരിപ്പിക്കുന്നതു് വീണപൂവു് വഴിയായിട്ടാണ്.

ഉന്നത പദവിയും സൌന്ദയ്യവും ഉണ്ടായിട്ടു വിജ്ഞാനവും സംസ്കാരവും നേടാൻ സാധിക്കാതെ വ്യസനിക്കുന്നവരെയും പ്രകൃതി പൂത്തു നില്ക്കുന്ന കൊന്നവൃക്ഷങ്ങളിൽ സമാധാനിപ്പിക്കുന്നതായി കാളിദാസൻ കാണുന്നു.

'വണ്ണപ്രകഷേ സതി കണ്ണികാരം
ദുനോതി നിഗ്ഗന്ധതയാ സ്മ ചേതഃ
പ്രായേണ സാമഗ്ര്യവിധൌ ഗുണാനാം
പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ'
(കുമാരസംഭവം)

നൽപ്പൊന്നണിപ്പൂക്കളണിഞ്ഞ കൊന്ന, പാവം !

നിസ്സഹായതകൊണ്ട് ദുഃഖിച്ചപോലും. എന്തെങ്കിലും സൽഗുണമൊക്കെയൊത്തതൊന്നിനെ തീർപ്പാൻ വിരിഞ്ചൻ വിമുഖനാണത്രെ.

വിമാനമേറി ആകാശത്തു കൂടി സഞ്ചരിക്കുമ്പോൾ ആകാശവും ഭൂമിയും ഒന്നുപോലെയാക്കിക്കാണിക്കുവാൻ പ്രകൃതിക്കു ശക്തിയുണ്ട്.

'വൈദേഹി, പശ്യാമലയാദ്വിഭക്തം
മത്സേതുനാ ഫേനിലമംബുരാശിം
ഛായാപഥേനേവ ശരൽ പ്രസന്ന-
മാകാശമാവിഷ്കൃത ചാരുതാരം'

(രഘുവംശം)

ലങ്കയിൽനിന്ന് സീതാദികളോടുകൂടി അയോദ്ധ്യയിലേയ്ക്കു മടങ്ങുമ്പോൾ വിമാനത്തിലിരുന്നു ശ്രീരാമൻ സീതയ്ക്കു സമുദ്രം കാണിച്ചുകൊടുത്തു പറയുന്നു. 'ശരൽപ്രസന്നവും നക്ഷത്രങ്ങളെല്ലാം തെളിഞ്ഞു മനോഹരവും ആയ ആകാശം ഛായാപഥംകൊണ്ടെന്നപോലെ, രണ്ടു ഭാഗത്തും തിരയടിച്ചു നുരവഹിച്ച സമുദ്രം വെണ്മണൽ കൊണ്ടുള്ള അണക്കെട്ടിനാൽ രണ്ടായി ഭാഗിച്ചു കിടക്കുന്നതു കണ്ടാലും' എന്ന് ഹാ! എത്ര ചേതസ്സമാകർഷകമായ സാദൃശ്യം!

കവികളുടെ പ്രകൃതിപ്രിയയ്ക്കും അക്രമങ്ങളിലും അധർമ്മങ്ങളിലും അപാരമായ ദുഃഖവും ദുസ്സഹതയുമുണ്ട്.

രാമനാമത്തിൽ പിള്ള വഞ്ചിവംശാങ്കുരങ്ങളായ രാജകുമാരന്മാരെ നിഗ്രഹിച്ച രാത്രിയിൽ, 'സതിരാണിയെയൊന്നു കാണുവാൻ മതിയിൽ ശേഷിയെഴാത്ത മൂലമാണ്' 'മതിവാൻ വിട്ടു' ആഴിയിൽ മറയുന്നത്. രാത്രിയിൽ പ്രകൃതി തസ്കരന്മാരെ തങ്ങളുടെ നിഴൽ തന്നെ കാട്ടി ഭയപ്പെടുത്തും. മിന്നാമിനുങ്ങുകൾ നിറഞ്ഞ വൃക്ഷങ്ങളാൽ തീപ്പൊരി പറപ്പിക്കുന്ന ഭീകര പിശാചുക്കളെ സർവ്വത്ര നിരത്തി അധാർമ്മികരെ പ്രകൃതി ഭയവിഹ്വലരാക്കിത്തീർക്കും. പൊയ്കകൾ അധർമ്മ ദർശനത്തിലുള്ള അസഹ്യത കൊണ്ട് രാത്രി ആമ്പൽ കണ്ണുകൾ കൂമ്പാറുണ്ട്.

പ്രകൃതി ഒരു വിശ്വമഹാഗ്രന്ഥമാണ്. അതിൽ അടങ്ങാത്തതായി ഒന്നുമില്ല. ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള കവികളെല്ലാം അവരുടെ കൃതികളിൽ അതിൽനിന്നു സാധാരണക്കാർക്കു മനസ്സിലാവുന്ന ഭാഷയിൽ പകർത്തുകയേ ചെയ്തിട്ടുള്ളു. അല്ലെങ്കിൽ ചില ഭാഗങ്ങൾ വ്യാഖ്യാനിച്ചിട്ടുണ്ടാവും. അല്ലാതെ പുതിയതായി ആർക്കും ഒന്നും ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. ഉണ്ടാക്കാവുന്നതുമല്ല. വിവർത്തനത്തിന്റെ വൈദഗ്ദ്ധ്യംകൊണ്ടോ വ്യാഖ്യാനത്തിന്റെ വൈഭവം കൊണ്ടോ പലപല മഹിമകളും പുതുമകളും കണ്ടേയ്ക്കാമെന്നല്ലാതെ, അതു വിട്ടു പുത്തനായി ആരുംതന്നെ ഒന്നും സൃഷ്ടിച്ചിട്ടില്ല.

അല്ലയോ ദേവി, പ്രകൃതി, 'പുതുമത്തിരയടങ്ങാത്ത പഴംകടലും' 'അത്ഭുതാനന്ദങ്ങൾക്കു കല്യാണക്കളിപ്പന്തലും' ആയി,

കൃത്രിമത്വത്തിൻ കൊടിക്കൂറ പാറമീ മന്നിൽ
ഉത്തമകൃത്യത്തിന്റെ ഗാനങ്ങൾ പാടിപ്പാടി

പരിലസിക്കുന്ന ഭഗവതി, അക്ഷയ്യമായ സൌന്ദര്യസമ്പത്തുകൊണ്ട് ലോകത്തെ ആനന്ദത്തിൽ ആറാടിക്കയും ധർമ്മോപദേശങ്ങൾകൊണ്ട് സമാധാനിപ്പിക്കുകയും ചെയ്യുന്ന അവിടുന്നു ഈയുള്ളവനിലും ഒരു തുള്ളി കാരുണ്യം ചൊരിയണേ!

ശ്യാമപ്പുമെത്ത, ചഞ്ചൽക്കുളിർവിശറി, മണീ-
കീർണ്ണമാം നീലമേലാ-
പ്പോമൽ തങ്കഗ്ഗുളോപ്പീ വകവിഭവശതം
ചേർന്ന കേളീഗൃഹംമേ
പ്രേമത്താലേ സ്വയം തന്നരുളിയ പരമോ-
ദാരശീലന്റെ മുമ്പിൽ
കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹഹ! മല-
ർത്തുന്നു ഞാനെത്ര ഭോഷൻ!

(വള്ളത്തോൾ)

# കഥകളി

(കടത്തനാട്ട് ശങ്കരവർമ്മ തമ്പുരാൻ)

കമനീയവും മഹനീയവുമായ കഥകളി എന്ന പ്രസ്ഥാനം കൌതുകാവഹമായ കലാവിശേഷമാകുന്നു. രണ്ടുമൂന്നു നൂറ്റാണ്ടുകളായി രസികചിത്തത്തിൽ കയറി, കയറിവന്നിരുന്ന ഈ കഥകളി അടുത്ത കാലംകൊണ്ട് എന്തെന്നില്ലാതെ അന്തരിച്ചുപോയും കഴിഞ്ഞു. അതിന്റെ അവശേഷമോ എന്നു തോന്നുമാറ് കഥകളിയുടെ ആഭാസങ്ങൾ മാത്രമെങ്കിലും, കേരളത്തിൽ ചിലേടങ്ങളിൽ ഇന്നും കാണാനുണ്ട്. അത്രയെങ്കിലുമുണ്ടല്ലോ എന്നുവെച്ച് ഇപ്പോൾ ആശ്വസിക്കേണ്ടിയിരിക്കുന്നു. കലാമണ്ഡലം എന്ന അഭിധാനത്തിൽ കഥകളി പുതിയ ജാതിയിൽ അവതാരമെടുത്തു്, നാടൊട്ടുക്ക് ഒച്ചപ്പാടുകളാക്കിയ കഥ ഇന്ന് ആർക്കും അറിയാത്തതല്ല. ഇതു് ആട്ടത്തിലും പാട്ടിലും, അഭിനയത്തിലും വേഷത്തിലും രംഗത്തിൽപോലും വിജാതീയങ്ങളായ വികാരങ്ങളെ വരുത്തീട്ടുണ്ടെന്നുള്ളതും വിസ്മരണീയമല്ല. ഇന്നത്തെ ആളുകൾക്ക് ഇതായിരിക്കാമോ അധികം ഇഷ്ടം! എന്നു വെച്ചിട്ടായിരിക്കണം പ്രകൃതപരിഷ്കാരങ്ങളുടെ പ്രാകൃതത്തിലേക്കുള്ള പ്രവേശനവും എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.



പരമാർത്ഥം എങ്ങിനെയായാലും പണ്ഡിതന്മാർക്ക് ഇതത്ര രുചിക്കുമോ എന്ന് വളരെ സംശയമാണ്. വലിയ "കേശഭാരം കിരീട"വും തലക്കുവെച്ച്, മുഖത്ത് രീതിയുള്ള ചൊടിയും കത്തി, മൂക്കത്ത് ഉണ്ടയും നിർത്തി, കുപ്പായവും, കഴുത്താരവും, കടകവും, കുണ്ഡലവും പലതും പാകം പോലെ അണിഞ്ഞ്, അടിപോയ 'ചാക്യാരു് മിഴാവി'ന്റെ കണക്കിൽ അരക്ക് ഗംഭീരമായി ഉടുത്തുകെട്ടി ഒക്കെക്കൂടി "ഭ്രം" എന്ന ഒരു ഗംഭീരമായ പുരുഷവേഷമണിഞ്ഞു് നിറയെ ചൊല്ലിയാടിക്കൊണ്ടിരിക്കുമ്പോൾ "സീമന്തരേഖ അതിരിട്ടിരുഭാഗമാക്കി" കാറൊത്തിട്ടും പുറികുഴൽ പുറകോട്ടു കെട്ടി മുഖം മിനുക്കി കമ്മലും ബുലാക്കുമായി റവുക്കയും സാരിയും ധരിച്ച് അവിടെവെച്ച് ഒന്നിച്ചുതന്നെ സ്വന്തം സ്ത്രീവേഷം മറപടിയാൽ ചൊല്ലിയാടുകയാണെങ്കിൽ, അത് അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് ഏറ്റാത്താക്കഴിച്ച് പത്തു പതിനെട്ടു വയസ്സു തികഞ്ഞ ആരൂഢയൌവ്വനയായ ഒരു നമ്പൂരി അന്തർജ്ജനത്തെ, തീരെ പാരദേശികനായ ഒരു കൊഴക്കൻ മേട്ട്യാർ സംബന്ധം കഴിച്ച് അന്നത്തെ രാത്രിയിൽ അവരുടെ കിടപ്പുമുറിയിൽവെച്ച് അന്യോന്യം അവർ നടത്തുന്ന സ്വൈര സല്ലാപം പോലെയൊക്കെ, ഒരു യഥാർത്ഥ രസികനു ബീഭത്സമായും, പരിഹാസ്യമായും പ്രകാശിക്കുന്നതിൽ അശേഷം പോലും അത്ഭുതപ്പെടാനില്ല. ചാക്കിക്ക് ചങ്കരച്ചാരും, വാക്കു പൊട്ടിയ കലത്തിന് കണ്ണുപോയ കയിലും, സിംഹത്തിന് സിംഹിയും, അല്ലാതെ; ചാക്കിക്ക് ഒരു ചക്രവർത്തിയോ സിംഹത്തിന് ഒരു പെൺകഴുതയോ "ഭ്രം" എന്ന പുരുഷവേഷത്തിന് സാരിയിൽ പൊതിഞ്ഞ പുതുജാതി കൊച്ചുകോമള സ്ത്രീവേഷമോ എങ്ങിനെയാണ് പരസ്പരം യോജിക്കുന്നതും, തദുഭയത്തെ യോജിപ്പിക്കുന്നതും!

കമനീമണിയായ കാന്താജനത്തിന്റെ കാമിതം ഫലിപ്പിക്കുവാനായി കല്യാണസൌഗന്ധികം എന്ന കുസുമവിശേഷത്തെ അന്വേഷിച്ചുകൊണ്ട് ക്രമേണ ഘോരഘോരമായ കാന്താരഭാഗത്തേക്കു കടക്കുമ്പോൾ, ഭീമസേനൻ ആ കൊടും കാടിനെ "നോക്കിക്കാണുന്ന"തിനു പകരം നാടകത്തിലെ സീനുകളായി കടലാസ്സ്

കൊണ്ടോ, ചാർച്ച്ബോർഡുകൊണ്ടോ മറ്റോ മരങ്ങളേയും, മാനുകളേയും ആകൃതിപോലെ പലതും വെട്ടിയുണ്ടാക്കി കൗതുകത്തിൽ നിർത്തി, അവകളെ കണ്ടുംകൊണ്ട്, ചൂണ്ടികാണിച്ചും, വേഷക്കാരൻ രംഗത്തിൽ സഞ്ചരിക്കുകയാണെങ്കിൽ അത് സഹൃദയന്മാർക്ക് ഒരിക്കലും രസകരമാവുകയില്ലെന്ന് ഞാൻ ഖണ്ഡിച്ചു പറയും. ഭരതനാട്യത്തെ അനുസരിച്ച് ആംഗികങ്ങളും ആഹാര്യങ്ങളുമായ അഭിനയങ്ങളെ അവസരംപോലെ പ്രവർത്തിച്ചുകൊണ്ട് വേഷക്കാരൻ രംഗത്തിൽ പെരുമാറുക തന്നെ വേണം. അതിന്നാണ് രസികത്വവും ഫലിതവും.

വസ്തുസ്ഥിതി വിശദപ്പെടുത്തുകയാണെങ്കിൽ കഥകളി സമ്പ്രദായം കുറെയൊക്കെ സരസകവിയായ കൊട്ടാരക്കരെ രാജാവ് രാമായണ കഥാസംഗ്രഹത്തെ എട്ടു ദിവസത്തെ കളിയായി എഴുതി അഭിനയിപ്പിച്ച രാമനാട്ടത്തിൽ നിന്നും, കുറെയൊക്കെ അദ്ദേഹത്തിന്റെ സ്യാല്യനായ, കല്ലടിക്കോടൻ നായരുടെ ഹൃദയത്തിൽ നിന്നുമാണ് പ്രഥമമായി പുറപ്പെട്ടതെന്ന് നാം നല്ലപോലെ അറിയേണ്ടതാകുന്നു. നമ്മുടെ ഈ നായർ നല്ല ശിവഭക്തനും, സരസകവിയും, പാലക്കാട്ട് താലൂക്കിലെ കല്ലടിക്കോടൻ പ്രദേശത്തിൽ പെട്ട മാന്യമായ ഒരു തറവാട്ടിലെ അംഗവുമാകുന്നു. ഇത്തരത്തിൽ നായരുടെ സ്വന്തം കൃതിയായി ആദിയിൽ പുറത്തേക്കു പുറപ്പെട്ട കഥകളിയാകുന്നു പ്രസിദ്ധപ്പെട്ട കിരാതം ആട്ടക്കഥ.

സാമൂതിരി രാജാവും, മഹാഭക്തനുമായ മാനവേദൻ തമ്പുരാൻ തിരുമനസ്സിലെ സരസസരസമായ മധുരഹൃദയത്തിൽ നിന്നും പുറപ്പെട്ട കൃഷ്ണനാട്ടത്തിൽ നിന്നാണ് രാമനാട്ടം കഥയുടെ ഉല്പത്തിയെന്നതും മറക്കത്തക്കതല്ല. ഈ വിധത്തിൽ ഏതാൻപരമ്പര കൃഷ്ണനാട്ടത്തിൽനിന്നും രാമനാട്ടവും, രാമനാട്ടത്തിൽ നിന്നും കിരാതവും എന്നാണെങ്കിൽ ''ഗ്രഹ്യാസ്തുതിർ ഗ്ഗാഥകൈ:'' എന്നിങ്ങനെ കൃഷ്ണനാട്ടത്തിൽ പ്രയോഗിച്ച കലിസംഖ്യകൊണ്ട് ''കഥകളി'' എന്ന പ്രസ്ഥാനത്തിന്ന് വളരെ വലിയ പഴക്കമൊന്നും ആയിട്ടില്ലെന്ന് തീരുമാനിക്കുവാനും അത്ര സാഹസമൊന്നും വേണ്ടിവരികയുമില്ലല്ലൊ.

കലിസംഖ്യ ഞെരുക്കമില്ലാതെ കണക്കാക്കുന്ന സമ്പ്രദായം പരക്കെ ധരിച്ചിട്ടുള്ളതാണെങ്കിലും, ഒരു പക്ഷെ എന്റെ വായനക്കാരിൽ ആ വിഷയം, വല്ല അജ്ഞന്മാരുമുണ്ടെങ്കിൽ അവരുടെ ആവശ്യത്തിന്നു മാത്രമായി അത് ചുവടെ കുറിക്കുന്നു.

കൊല്ലത്തിൽ ''തരളാംഗ''ത്തെ കൂട്ടിയാൽ കലിവത്സരം. ഇന്നത്തെ മലയാളം കൊല്ലം 1130 ആണല്ലൊ. ആ സംഖ്യയോടുകൂടി ത 6; ര 2, ള 9, ഗ 3, എന്നീ അക്കങ്ങളെ നേരെ തിരിച്ചിട്ട് അതായത് 3926 എന്നെഴുതി ആ സംഖ്യയും കൊല്ലസംഖ്യയും കൂടിയാൽ അതിന്നു കിട്ടുന്ന ഫലം 5056 ആയിരിക്കും. കലി പിറന്നിട്ട് 1130-ാമത് മലയാളം കൊല്ലത്തിലേക്ക് 5056 സംവത്സരങ്ങളായി എന്നു വരുന്നു. അതിനെ 365 കൊണ്ടു പെരുക്കിയാൽ കലി പിറന്നിട്ട് ഇത്ര ദിവസങ്ങളായിയെന്നും മനസ്സിലാവുന്നു. ഇങ്ങിനെയാണ് കവികൾ അവരവരുടെ ഗ്രന്ഥങ്ങളിൽ കാലത്തെ വാക്യഖണ്ഡംകൊണ്ടു കുറിക്കുന്നത് എന്നു ധരിക്കേണ്ടതാകുന്നു.

(തുടരും)



ആദ്ധ്യാത്മിക പ്രഭാഷണങ്ങളാലും ഭക്തിരസപൂർണ്ണമായ [illegible] ഉണർവ്വും ഉത്സാഹവും നൽകി കേരളീയരുടെ മുക്തകണ്ഠമായ പ്രശംസക്ക് പാത്രീഭൂതനായി! ശാന്തിയും സമാധാനവും നൽകുന്ന ഭക്തി മാർഗ്ഗത്തെ സർവ്വോൽകർഷേണ വിജയിപ്പിച്ചുകൊണ്ട് ഇപ്പോൾ തിരുവനന്തപുരത്തു താമസിച്ചു വരുന്നു.

സ്വാമി അഭേദാനന്ദൻ

# കാമദഹനം

വിദ്വാൻ, ശിരോമണി, കെ. പി. നാരായണ പിഷാരോടി.

സതീദേവി ദക്ഷയാഗത്തിൽ ദഗ്ദ്ധയായപ്പോൾ പത്നീരഹിതനായിത്തീർന്ന പരമേശ്വരൻ ചണ്ഡമുണ്ഡാദികളായ ഭൂതഗണങ്ങളോടുകൂടി ഹിമാലയത്തിൽ ചെന്നു തപസ്സു തുടങ്ങി. അക്കാലത്ത് നമുചിയുടെ മകനായ താരകാസുരൻ ബ്രഹ്മാവിനെക്കുറിച്ച് തപസ്സുചെയ്തു, ഒരു ചെറു പൈതലൊഴികെ മററാരുംതന്നെ കൊല്ലരുതെന്ന് വരം വാങ്ങി. എന്നിട്ട് ദേവകളെ പോരിന്നു വിളിച്ചു. യുദ്ധവും തുടങ്ങി. എന്നാൽ മുചുകുന്ദന്റെ സഹായത്താൽ ദേവന്മാർതന്നെ ജയം നേടി.

താരകൻ അതുകൊണ്ട് അടങ്ങിയില്ല. അയാൾ തരം കിട്ടുമ്പോളെല്ലാം ഉപദ്രവിച്ചുകൊണ്ടുതന്നെ ഇരുന്നു. ഒടുവിൽ താരകന്റെ ദ്രോഹം സഹിക്കവയ്യാതായിട്ട് ഇന്ദ്രാദിദേവന്മാരെല്ലാവരും ഒന്നിച്ചു ചെന്ന് ബ്രഹ്മാവിന്റെ അടുക്കൽ ശരണം പ്രാപിച്ചു. സങ്കടമെല്ലാമുണർത്തിച്ചു. ആകാശവാണിവഴിക്ക് ബ്രഹ്മാവ് മറുപടി പറഞ്ഞു. ‘‘ശിവനു മകനുണ്ടായാലേ താരകനെ കൊല്ലുവാൻ കഴിയൂ. അതിനാൽ പരമേശ്വരൻ വിവാഹം ചെയ്യുവാനുള്ള വഴിയെന്തെന്നാലോചിച്ചുകൊള്ളൂ.’’ എന്നതായിരുന്നു മറുപടി. അതുകേട്ട് അത്ഭുതം പൂണ്ട ദേവന്മാർ ഉടനെ ഹിമവാന്റെ അടുക്കലേക്കാണ് പോയത്. ദേവകളുടെ എല്ലാം പ്രതിനിധിയായിട്ട് ബൃഹസ്പതി ഹിമവാനോടപേക്ഷിച്ചു — താരകവധത്തിന് സഹായം ചെയ്തുതരുവാൻ. അപ്പോൾ ഹിമാലയം ദേവേന്ദ്രനിൽ അല്പം പരിഹാസത്തോടുകൂടി പറഞ്ഞു ‘‘ദേവേന്ദ്രൻ ഞങ്ങളെയെല്ലാം അനങ്ങാൻ വയ്യാതാക്കിത്തീർത്തിരിക്കുന്നുവല്ലോ. പിന്നെ എങ്ങിനെയാണ് സഹായം ചെയ്യുക. ഞങ്ങൾക്ക് ചിറകുണ്ടായിരുന്നുവെങ്കിൽ താരകാസുരനേയും കൂട്ടരേയും ഞങ്ങൾ കൊന്നുതന്നേനെ. എനിക്ക് ഇളകുവാൻ വയ്യാ. ചിറകുമില്ല. പിന്നെ എന്താണ് ഞാൻ ചെയ്യുക’’. അപ്പോൾ ദേവന്മാർ പറഞ്ഞതിതാണ്. ‘‘[illegible]ള്ളാരു വിചാരിച്ചാലും താരകനെ വധിക്കാനാവില്ല. ശിവന്റെ പുത്രനുമാത്രമേ അതിന്നു സാധിക്കയുള്ളൂ’’. എന്നാണ് ബ്രഹ്മാവിന്റെ അടുക്കൽ ചെന്നപ്പോൾ അശരീരിയുണ്ടായത്. അതുകൊണ്ട് പരമശിവന്ന് യോഗ്യയായ ഒരു കന്യകയെ ഭവാൻ ജനിപ്പിക്കണമെന്നു പറയുവാനാണ് ഞങ്ങൾ ഇങ്ങോട്ടു പോന്നത്’’.

ദേവന്മാരുടെ ഈ അപേക്ഷ കേട്ടപ്പോൾ ഹിമവാൻ അകത്തുചെന്ന് പത്നിയായ മേനയോട് ചോദിച്ചു. ദേവന്മാർക്ക് ഒരു കാര്യം ആവശ്യമായിരിക്കുന്നു. നാം നല്ലൊരു കന്യകയെ ജനിപ്പിക്കണമെന്നാണ് പറയുന്നത്. ദേവന്മാർക്കും മഹർഷിമാർക്കും ഒക്കെ ആവശ്യമാണത്രെ. പെൺകിടാങ്ങൾ പിറക്കുന്നത് പ്രായേണ സ്ത്രീകൾക്ക് ഇഷ്ടമാകയില്ല. എന്നാലും ഒരു കന്യകയെ ജനിപ്പിക്കേണമെന്നാണ് വന്നിരിക്കുന്നത്. അതു കേട്ടപ്പോൾ മേന മന്ദഹസിച്ചുംകൊണ്ടു പറഞ്ഞു. ‘‘അവിടുന്നു പറഞ്ഞതു ശരിയാണ്. പെൺകുട്ടികളുണ്ടായാൽ സ്ത്രീകൾക്കു മാത്രമല്ല പുരുഷന്മാർക്കും എപ്പോഴും കഷ്ടപ്പാടാണ്. അതുകൊണ്ട് നല്ലവണ്ണം ആലോചിച്ചിട്ടു മതി. എന്നിട്ട് എങ്ങിനെയാണിഷ്ടം എന്നുവെച്ചാൽ അങ്ങിനെയാവുകയും ചെയ്യാം’’.

ഹിമവാൻ മറുപടി പറഞ്ഞതിതാണ്. മററുള്ളവർക്കുപകാരമുള്ള കാര്യമാണെങ്കിൽ പുരുഷനാവട്ടെ സ്ത്രീയാവട്ടെ അതു ചെയ്യേണ്ടതല്ലേ? മേന സമ്മതിച്ചു. ദക്ഷയാഗത്തിൽ യോഗാഗ്നി ദഗ്ദ്ധയായ സതീദേവിയാണ് മേനാഗർഭത്തിൽ പ്രവേശിച്ചത്. മേനയുടേയും ഹിമവാന്റേയും ഭാഗ്യത്തെ ദേവന്മാരും ഋഷികളും പുകഴ്ത്തി. ഒരു സുദിനത്തിൽ അവർക്ക് പാർവതി പിറക്കുകയും ചെയ്തു. അന്ന് ത്രൈലോക്യംതന്നെ പ്രസന്നമായിരുന്നു.

പാർവതിക്ക് എട്ടുവയസ്സായ കാലത്തു ശിവൻ വീരഭദ്രാദിഭൂതഗണങ്ങളോടുകൂടി ഹിമവാന്റെ ഒരു മലയിടുക്കിൽ തപസ്സുചെയ്തുകൊണ്ടിരുന്നു. പാർവതിയുമൊന്നിച്ച് ഒരു ദിവസം ഹിമവാൻ ശിവനെ കാണാൻ

ചെന്നു. നന്ദികേശ്വരൻ പ്രവേശനമനുവദിച്ചില്ല. ശിവനോടു ചെന്നു ചോദിച്ചപ്പോൾ വന്നുകൊള്ളുവാൻ ശിവൻ അനുവാദം കൊടുത്തു. ഹിമവാൻ പരമേശ്വരനെ കണ്ടു വന്ദിച്ചു. എന്നിട്ടിങ്ങിനെ പറഞ്ഞു. "ഭഗവാനെ, അവിടുത്തെ പ്രസാദത്തിന്ന് പാത്രമാവാൻ കഴിഞ്ഞതു് ഈയുള്ളവൻെറ ഭാഗ്യമാണ്. ഞാൻ ഈ പാർവതിയുമൊന്നിച്ചു പതിവായിട്ടും അവിടുത്തെ കാണ്മാൻ വരും. പ്രഭോ, അതിന്നു് അനുവാദം തരണം".

ശിവൻ മറുപടി പറഞ്ഞു, "ഹിമവാൻ പതിവായിട്ടും എന്നെ കാണാൻ വന്നുകൊള്ളൂ. മകളെ ഗൃഹത്തിൽ ഇരുത്തിയിട്ട് ഇങ്ങോട്ടു വന്നാൽ മതി. അല്ലാതെ മകൾ എന്നെ കാണാൻ വരണ്ട." മകളമൊന്നിച്ച് വരേണ്ടെന്നു പറഞ്ഞതിന്നു് കാരണമെന്തെന്ന് ഹിമവാൻ ചോദിച്ചപ്പോൾ ശിവൻ പുഞ്ചിരിതൂകിയുംകൊണ്ടു പറഞ്ഞു. "ഈ പെൺകിടാവു് സുന്ദരിയാണ്. സുഭാഷിണിയാണ്. ഇവളെ എൻെറ അടുക്കലേക്ക് കൊണ്ടുവരേണ്ട. അതെനിക്ക് ഇഷ്ടമില്ല." അപ്പോൾ പാർവതി ചോദിച്ചു. "അവിടുന്ന് തപശ്ശക്തിയുള്ള ആളാണ്. ഇപ്പോഴും തപസ്സു ചെയ്തുകൊണ്ടേ ഇരിക്കുന്നു. ഇനിയും തപസ്സു ചെയ്യുവാൻ തന്നെയാണ് ഉദ്ദേശവും. അവിടുന്ന് ആരാണ്. അവിടുത്തെ ഈ പ്രകൃതി എന്തൊരു പ്രകൃതിയാണ്. ഭഗവാനേ, ഇതു് തീരെ മനസ്സിലാവുന്നില്ല."

"ഞാൻ കഠിന തപസ്സുചെയ്ത് പ്രകൃതിയെ നശിപ്പിക്കുകയാണ്. വാസ്തവത്തിൽ എനിക്ക് ഒരു പ്രകൃതിയുമില്ല. എന്നെപ്പോലുള്ള സിദ്ധന്മാർക്ക് പ്രകൃതിയെന്നൊന്നും നോക്കേണ്ടതില്ല" എന്നായിരുന്നു ശിവൻെറ മറുപടി. വീണ്ടും പാർവതി ചോദിച്ചു "അവിടുന്നു് ഇപ്പോൾ പറഞ്ഞ വാക്ക് പ്രകൃതിയല്ലെ? കേൾക്കുന്നതും, കാണുന്നതും, തിന്നുന്നതും എല്ലാം പ്രകൃതിയാണ്. എങ്ങിനെയാണവിടുന്ന് പ്രകൃത്യതീതനാവുന്നതു്? എന്തിനാണധികം പറയുന്നതു്? പ്രഭോ, ഈ മുഴുവനും പ്രകൃതിയുടെ കാര്യമാണ്. വ്യാജം പറഞ്ഞിട്ടെന്താണ് കാര്യം? അവിടുന്നു് പ്രകൃതിയെ അതിക്രമിച്ചവനാണെങ്കിൽ പിന്നെ എന്തിനാണ് ഈ ഹിമാലയത്തിലിരുന്ന് തപസ്സുചെയ്യുന്നതു്. അവിടേക്ക് പ്രകൃതിയുണ്ട്. ഇല്ലെങ്കിൽ ഞാൻ വരുന്നതിൽ പേടിക്കാനെന്താണുള്ളതു്?" ശിവൻ ചിരിച്ച് മറുപടി പറഞ്ഞു. "ശരി, പതിവായും വന്നു സേവിച്ചുകൊള്ളൂ." ഹിമവാനോടു ചോദിച്ചു. "എനിക്ക് ഇവിടെത്തന്നെ തപസ്സുചെയ്യുവാൻ കൊള്ളാമെന്നുണ്ട്. അതിന്നു സമ്മതം തരണം." "ലോകം മുഴുവനും അവിടുത്തെയാണ്. ഈ നിസ്സാരന്ന് അവിടുത്തേക്കെന്തു തരുവാനാണ്." എന്നാണ് ഹിമവാൻ മറുപടി പറഞ്ഞതു്.

അങ്ങിനെ ഹിമവാൻ വിടവാങ്ങി. പാർവതിയോടുകൂടി സ്വഗൃഹത്തിലേക്ക് മടങ്ങി. പിന്നെ പതിവായിട്ടും ഹിമവാനും പാർവതിയും ശിവനെ കാണാൻ ചെന്നു തുടങ്ങുകയും ചെയ്തു.

അങ്ങിനെ കുറച്ചു കാലം കഴിഞ്ഞു. ദേവന്മാർക്കു വിചാരം തുടങ്ങി. ശിവൻ പാർവതിയെ പരിണയിക്കുവാൻ എന്താണ് വഴിയെന്നു് അവർ ബൃഹസ്പതിയോടു ചോദിച്ചു. ബൃഹസ്പതി ദേവേന്ദ്രനോടു പറഞ്ഞു. "കാമദേവൻ ശ്രമിച്ചാലേ അതിന്നു സാധിക്കയുള്ളു. ഈ മൂന്നു ലോകത്തിലും വേറെ ആർക്കും കഴികയില്ല. കാമനാണെങ്കിൽ പല തപോധനന്മാരുടേയും തപസ്സിളക്കിയിട്ടുള്ളവനാണല്ലോ. അതുകൊണ്ടു് കാമനോടു പറയൂ" ഉടനെ ഇന്ദ്രൻ കാമനാളെ അയച്ചു. കാമൻ രതിയും വസന്തവുമായി പുഷ്പധനുസ്സുമേന്തി ദേവസഭയിലെത്തി. ഇന്ദ്രനോടു കാമൻ പറകയാണ്. "അവിടുന്നെന്തിനാണെന്നെ വിളിച്ചതു്. കാര്യമെന്തായാലും പറഞ്ഞുകൊള്ളൂ. എന്നെ ഒന്നു സ്മരിച്ചുപോയാൽ മതി. ഏതു തപസ്വിയുടെ തപസ്സുമിളകും. അവിടേക്ക തന്നെ അറിയാമല്ലൊ എൻെറ വീര്യവും ശൌര്യവുമെല്ലാം. പരാശരൻ, ഭൃഗു, ബൃഹസ്പതി, ബ്രഹ്മാവ് ഇവരെല്ലാം എൻെറ വീര്യം നേരിട്ടറിഞ്ഞിട്ടുള്ളവരാണ്. എനിക്ക് ക്രോധമെന്നൊരു ബന്ധുവുമുണ്ട്. ഞങ്ങൾ രണ്ടാളും കൂടിയാൽ ലോകം മുഴുവനും നശിപ്പിക്കുവാൻ തന്നെ കഴിയും." അപ്പോൾ ദേവകൾ ആവശ്യപ്പെട്ടു. "ഞങ്ങളെയെല്ലാം ജയിക്കാൻ കഴിയും. ഞങ്ങൾക്കുവേണ്ടി അങ്ങ് പരമേശ്വരനെ ഒന്ന് പാർവതിയുമായി ഇണക്കിത്തരണം."

ഉടനെ മഹാവീരനായ മാരൻ പൂവില്ലുമെടുത്ത് ആർഭാടത്തോടുകൂടി യുദ്ധത്തിന്നു പുറപ്പെട്ടു. ഉർവശി മേനക മുതലായ അപ്സരസ്സുകളും സഹായത്തിന്നു ചെന്നു. ഭൂതഗണങ്ങൾ അപ്സരസ്സുകളെ കണ്ടതോടു

കൂടി അവരുടെ ചുററും വളഞ്ഞു. ചൂതചമ്പകാദികളായ വൃക്ഷങ്ങളെല്ലാം പൂത്തു കുയിലുകൾ കൂകുവാൻ തുടങ്ങി. വസന്തം ആ കാലത്ത് ആ തപോവനത്തിൽ പ്രത്യക്ഷപ്പെട്ടു. ഇതെല്ലാം കണ്ടു് സന്ദിഹേശ്വരൻ രാക്ഷസന്മാരുടേയോ ദേവന്മാരുടേയോ പണിയായിരിക്കുമിതെന്ന് വിചാരിച്ചു.

അപ്പോഴേക്കും കാമൻ തന്റെ വില്ലിൽ അഞ്ചമ്പുകളും തൊടുത്ത് പരമേശ്വരനെ സമീപിച്ചു. അവിടെ ഒരു ദേവദാരുവിന്റെ ചുവട്ടിൽ സമാധിയിലിരിക്കുന്ന ഭഗവാനെ കണ്ടു. തന്തിരുവടിയാൽ കാമൻ അമ്പയക്കാൻ ഭാവിക്കുമ്പോഴേക്കുമുണ്ട് പാർവതി സഖികളോടുകൂടി സദാശിവസേവനത്തിന്നു വരുന്നു. ഇന്ദുസുന്ദരമുഖിയായ പാർവതി ഒരു പൊൽപ്പൂമാല നീലകണ്ഠഗളത്തിൽ അണിഞ്ഞു. മന്ദഹാസം പൂണ്ട് ഭഗവാനെ നോക്കിനിന്നു. കാമൻ സമ്മോഹനാസ്ത്രവും വിട്ടു. അമ്പുകൊണ്ടു ഉടനെ ദേവൻ കണ്ണമിഴിച്ചു. പാർവതിയുണ്ട് മുമ്പിൽ പുഞ്ചിരി തൂകിക്കൊണ്ട് നില്ക്കുന്നു. അതു കണ്ടു് മദനമോഹം കൊണ്ടു ശിവൻ വിസ്മയാൽ ഫുല്ലനയനനായി കുറച്ചുനേരം നോക്കിയിരുന്നു. അപ്പോഴേക്കും അവിടേക്ക് തന്റേടം വന്നു. "എന്തിക്കിതെങ്ങനെ പററി" എന്നു ചിന്തിച്ചു ശിവൻ ചുററുമൊന്ന് കണ്ണോടിച്ചു. വില്ലുകുലച്ച് അമ്പു തൊടുത്ത് രണ്ടാമതും വലിച്ചുവിടുവാൻ തുടങ്ങുന്ന കാമദേവൻ കണ്ണിൽ പെട്ടു. കുപിതനായ പരമശിവൻ മൂന്നാം തൃക്കണ്ണു മിഴിച്ചൊന്നു നോക്കിയതും കാമന്റെ ദേഹം കത്തിക്കാളിയതും ഒന്നിച്ചു കഴിഞ്ഞു. അയ്യോ, അയ്യോ, എന്നു വിളിച്ചുപറഞ്ഞുംകൊണ്ട് ഇതെല്ലാം നോക്കിനിന്നിരുന്ന ദേവന്മാർ ശിവനെ അഭയം പ്രാപിച്ചു.

അവർ പറഞ്ഞു. "ഭഗവാനേ, അവിടുന്ന് ദേവന്മാരെ രക്ഷിക്കണേ, പാർവതിക്കു സഹായിക്കാൻ വേണ്ടി അയച്ചതായിരുന്നു കാമനെ. അയാളെ ദഹിപ്പിച്ചതു കഷ്ടമായിപ്പോയി. ഞങ്ങൾക്ക് അവിടുന്ന് ഒരു കാര്യം ചെയ്തുതരേണ്ടതുണ്ട്. അവിടേക്ക് ഈ പാർവതിയിൽ ജനിക്കുന്ന സന്താനത്തിലാണ് – ആ തേജോനിധിയിലാണ് – ഞങ്ങളുടെയെല്ലാം കാര്യമിരിക്കുന്നതു്. താരകനെക്കൊണ്ട് ദേവന്മാർക്കൊക്കെ വലിയ കഷ്ടപ്പാടായിരിക്കുന്നു, അതുകൊണ്ട് ഈ കാമനെ അവിടുന്ന് ജീവിപ്പിക്കണം. പാർവതിയെ അവിടുന്ന് കൈക്കൊള്ളുകയും വേണം. എന്നിട്ട് ദേവകാര്യം സാധിപ്പിച്ചുതരണം. അവിടുന്നാണ് ഞങ്ങളെ ഗജാസുരനിൽനിന്നും രക്ഷിച്ചത്. കാളകൂടത്തിൽനിന്നും രക്ഷിച്ചതു് അവിടുന്നാണ്. ഭസ്മാസുരനിൽനിന്നും അവിടുന്നുതന്നെയാണ് ഞങ്ങളെ രക്ഷിച്ചതു്. ദേവന്മാർക്കു വേണ്ടി വന്നതാണ് കാമൻ. അതുകൊണ്ട് അയാളെ ജീവിപ്പിക്കണം. അതു് ഞങ്ങൾക്കു ചെയ്യുന്ന ഒരു ഉപകാരമാണ്. കാമനില്ലെങ്കിൽ ലോകം മുഴുവനും നശിക്കും. നിഷ്കാമനായാലത്തെ കഥയെന്തായിരിക്കുമെന്നവിടുന്നു തന്നെ ഒന്നാലോചിച്ചുനോക്കു."

കുപിതനായ ശിവൻ മറുപടി പറഞ്ഞതിതാണ്. "കാമൻ വേണ്ട. ഒരിക്കലും ഇനി ഉണ്ടാകരുതു്. ദേവന്മാർക്കും ഇന്ദ്രനും എല്ലാം സ്ഥാനഭ്രംശം വന്നതും കഷ്ടത്തിലായതും കാമം ഒന്നുകൊണ്ടാണ്. സകലപ്രാണികൾക്കും കാമംകൊണ്ട് നരകമേ വരൂ. ദുഷ്ടനായ താരകനും ഇനി നിഷ്കാമനായിരിക്കും. കാമരഹിതനായാൽ പിന്നെ ആരെങ്കിലും പാപം ചെയ്യുമോ? അതിനാൽ ലോകശാന്തിക്കുവേണ്ടി ഞാൻ കാമനെ ദഹിപ്പിച്ചിരിക്കുന്നു. നിങ്ങളെല്ലാവരും ഇവിടെ ഇരുന്നു് തപസ്സു ചെയ്തുകൊള്ളുവിൻ. കാമവും, ക്രോധവും ലോകത്തിലുണ്ടാവരുതു്. ഞാനാ പാപിയെ ജീവിപ്പിക്കുകയില്ല." അപ്പോൾ മഹർഷിമാർ പറഞ്ഞു. അവിടുന്നു പറഞ്ഞതു ശരിയാണ്. അതു് ഞങ്ങൾക്കെല്ലാം വളരെ ഗുണമാണ് പക്ഷെ, വേറെ ഒരു കാര്യമുണ്ട്. ഈ ലോകസൃഷ്ടി തന്നെ കാമക്രോധങ്ങളോടുകൂടിയാണ്. ലോകം തന്നെ കാമാത്മകമാണ് ആ കാമനെ മുടിക്കാൻ കഴികയില്ല. ധർമ്മാർത്ഥ കാമമോക്ഷങ്ങളെ നാലിനേയും ഒരുപോലെ ആക്കി തീർത്തിട്ടുള്ള ആളാണ് കാമൻ. ആ കാമനെ അടക്കാൻ കഴികയില്ല. അവിടുന്നും ഒതുക്കാൻ കഴിയാഞ്ഞിട്ടാണല്ലോ കാമനെ ദഹിപ്പിച്ചതു്. ലോകം നന്നാവുന്നതും ചീത്തയാവുന്നതും കാമൻ നിമിത്തമാണ്. കാമന്റെ ബലം ചെറുതല്ല. ക്രോധവും ഭയങ്കരൻ തന്നെ. അതു് അവിടുത്തേയും കീഴടക്കിയല്ലൊ. ഏതായാലും അവിടുന്ന് കാമനെ ജീവിപ്പിക്കണം. അവൻ സമർത്ഥനാണ്. അവിടുത്തെ സമർത്ഥനാക്കാനും അവൻ മതി.

ഋഷികൾ ഇങ്ങിനെ പറഞ്ഞപ്പോൾ ശിവൻ ഇരട്ടി കോപിക്കയാണുണ്ടായതു്. മൂന്നാം തൃക്കണ്ണു വീണ്ടും മിഴിക്കുമോയെന്ന നിലയിലായി. ഉടനെ ദേവന്മാരും, ഋഷികളും എല്ലാവരും ഒന്നിച്ചു ചേർന്നു സ്തുതിച്ചു വന്ദിച്ചു. പരമശിവൻ അവിടെനിന്നും അന്തർദ്ധാനം ചെയ്കയും ചെയ്തു*

---

* സ്കാന്ദപുരാണത്തിൽനിന്നു്.

# അദ്ധ്യക്ഷൻ

(വി. ജി. പത്മനാഭൻ)

നിലവിലിരിക്കുന്ന ഭരണകൂടം അധഃപതിക്കുന്നതോടെ അധികാരത്തിലേറാൻ അവസരം നോക്കി നില്ക്കുന്ന മററു രാഷ്ട്രീയ കക്ഷിയിലെ നേതാവിനെപ്പോലെ സൂര്യന്റെ അസ്തമനവും കാത്തുകൊണ്ട് ചന്ദ്രൻ പൂർവ്വ ചക്രവാളത്തിൽ അക്ഷമനായി നിലകൊണ്ടിരുന്നു.

പൌർണ്ണമി ദിവസമാണ്. നേരം ഏതാണ്ട് സന്ധ്യയോടടുത്തുകഴിഞ്ഞു.

അന്ന് ഞങ്ങളുടെ ഇൻസ്റ്റിററ്യൂഷന്റെ വാർഷികാഘോഷമാണ്. പ്രവർത്തകന്മാരും, പ്രവർത്തകമാരും നിലംതൊടാതെ പാഞ്ഞു നടക്കുന്നുണ്ടായിരുന്നു. വലിയ ധൃതിയല്ലേ. പ്രമാണികളാകുവാൻ ഇതിലും പററിയ അവസരം മറെറന്തുണ്ട്? ഞങ്ങൾ ബഹളങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു മാറി നടക്കുകയായിരുന്നു. അല്ലെങ്കിൽ യഥാർത്ഥത്തിൽ പ്രമാണികളാകുവാനുള്ള 'ടെക്കനിക്കു'കൾ ഞങ്ങൾക്കു നിശ്ചയമുണ്ടായിരുന്നില്ല.

ഇൻസ്റ്റിററ്യൂഷന്റെ ചുററും ഏതാണ്ട് അര ഫർലോങ്ങ് വീതിയുള്ള മുററം കഴിഞ്ഞാൽ, പിന്നെയെല്ലാം മനുഷ്യന്റെ കയ്യുകൾ ഏറെയൊന്നും പ്രവർത്തിച്ചിട്ടില്ലാത്ത, വള്ളിപ്പടർപ്പുകളും മുൾച്ചെടികളും നിറഞ്ഞ ചെറിയ കുററിക്കാടുകളാണ്. സ്വൈരമായിരുന്ന് കുറെ സൊള്ളടിക്കുവാൻ ഞങ്ങൾ അവിടെക്കു് ഒന്നിറങ്ങി. സ്ത്രീകളെങ്കിലും കുറച്ചൊക്കെ ധൈര്യമുള്ളവരെന്ന് ഞങ്ങൾ സ്വയം നടിച്ചിരുന്നു.

അദ്ധ്യക്ഷന്റെ പ്രസംഗം കഴിഞ്ഞിരുന്നു. ഒരു പ്രമുഖ രാഷ്ട്രീയ നേതാവാണ് അദ്ധ്യക്ഷൻ. ഉജ്ജ്വലവും, ഗംഭീരവുമായ പ്രസംഗം. "എന്തൊരാദർശസമ്പന്നനാണ് നമ്മുടെ നേതാവ്". സുശീല അതിശയിച്ചു. "അദ്ദേഹത്തിന്റെ പ്രസംഗം എന്നിൽ ഒരു പുതിയ ഉണർവ്വും ഉന്മേഷവും സൃഷ്ടിച്ചിരിക്കുന്നു. വെറും ഒരു ഉദ്യോഗസ്ഥയായി കാലം കഴിക്കുന്നതിനേക്കാൾ എത്രയോ ശ്രേഷ്ഠതരമാണ് രാഷ്ട്ര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതു്! അദ്ദേഹം എത്ര ഭാഗ്യവാനാണ്." ഇതു് ഫിലോമിനായുടെ അഭിപ്രായമായിരുന്നു. കളിയാക്കൽ ജീവിതത്തിലെ ഒരു മുഖ്യഘടകമായി സ്വീകരിച്ചിരുന്ന മേരി വിട്ടുകൊടുത്തില്ല. "നിങ്ങളാരും അദ്ദേഹത്തെ പ്രേമിച്ചുപോകല്ലേ, കിട്ടോ. അദ്ദേഹത്തിന്ന് വേറെ ജോലിത്തിരക്കുകളുണ്ടാകും." "ഫ്, എപ്പോഴും നിനക്കു അതു മാത്രമെ വിചാരമുള്ളു." സുശീലയും ഫിലോമിനയും കൂടി മേരിയുടെ മേൽ ചാടിവീണു. "എന്താ സാഹിത്യകാരിക്കു് ഒന്നും പറയാനില്ലേ?" സ്വതവേ ഒരു സാഹിത്യകാരിയെന്ന് നടിച്ചു നടക്കുന്ന എന്റെ നേക്കാണ് സുശീല പിന്നീട് തിരിഞ്ഞതു്. അപ്പോഴെയ്ക്കും ഞങ്ങൾ കുററിക്കാട്ടിൽ കുറച്ചു ദൂരം ചെന്നിരുന്നു. ഇനിയും മുന്നോട്ടു പോകുവാൻ അല്പം ഭയവുമുണ്ടായിരുന്നു. മടങ്ങുവാൻ തന്നെ തീരുമാനിച്ചു.

ഒരു ഏകാധിപതിയെപ്പോലെ ആകാശം മുഴുവൻ കീഴടക്കിക്കൊണ്ട് ചന്ദ്രൻ പ്രകാശിച്ചിരുന്നു. ചുററുപാടാകെ നിർജ്ജീവം. മൂങ്ങകളുടെ അസുഖകരമായ ശബ്ദം മാത്രം ചെവിയിൽ വന്നു തുളച്ചിരുന്നു.

"കിള്ളേ.... കിള്ളേ...." എന്തു്? ഒരു ചെറിയ കുട്ടിയുടെ കരച്ചിൽ. അല്പം കിഴക്കോട്ടു നീങ്ങി. അതോ ഇനി വല്ല ചെകുത്താന്മാരോ? ഓടിയാലോ? ഓടാൻ കാലു പേരുന്നില്ല. കുറച്ചുനേരം അവിടെത്തന്നെ പകച്ചുനിന്നു. വീണ്ടും കരച്ചിൽ. ഒരു ധൈര്യം വീണു. മുമ്പോട്ട് ചെന്നു. ഹാ! ആ നിലാവെളിച്ചത്തിൽ ഒരു സ്ത്രീരൂപം! കൂടെ ഒരു ചോരക്കുഞ്ഞും!

അതാ, അവൾ കുട്ടിയേയും എടുത്തുകൊണ്ട് എണീയ്ക്കുന്നു. അദ്ധ്യക്ഷൻ പോവുകയായി. "എനിയ്ക്കു കാണണം.... അദ്ദേഹം.... അദ്ദേഹം... " എന്നെല്ലാം നിലവിളിച്ചുകൊണ്ട് അദ്ധ്യക്ഷൻെറ കാറിനെ ഉന്നമാക്കി ഓടുകയാണ്. ഞങ്ങൾ പിന്തുടർന്നു. ചക്കപ്പഴത്തിന്മേൽ ഈച്ച പൊതിഞ്ഞതുപോലെയുണ്ട് ജനക്കൂട്ടം—കാറിനു ചുററും. കാറിനെ വിഴുങ്ങിക്കളയാതിരിയ്ക്കുവാൻ പോലീസ് ചുററുമുണ്ട്. അവൾ അതെല്ലാം ഭേദിച്ച് മുന്നേറുകയാണ്. "എനിയ്ക്കു കാണണം.... അദ്ദേഹത്തെ...." "ഛീ...." നിയമത്തിൻെറ കാവൽക്കാരനായ ആ പോലീസുകാരൻ ലാത്തിയൊന്ന് അവളുടെ വയററിൽ താഴ്ത്തി. "ഹയ്യോ...." അവൾ മറിഞ്ഞുവീണു. കുട്ടി തള്ളയുടെ നെഞ്ചത്തും—"കിള്ളേ.... കിള്ളേ...."

"ഇതേത് പിച്ചപ്പെണ്ണാണ്? ഇങ്ങോട്ട് കടന്നു വരാൻ?" അദ്ധ്യക്ഷനെ യാത്രയാക്കാൻ വന്ന മാന്യന്മാർക്ക് അവളെ കണ്ടപ്പോൾ കലികയറി.

അദ്ധ്യക്ഷൻ പോയി. ജനങ്ങൾ പിരിഞ്ഞു. ഞങ്ങൾ വിട്ടുപിരിഞ്ഞില്ല. അവളെ എടുത്ത് ലോഡ്ജിൽ കൊണ്ടുപോകുവാൻ ഞങ്ങൾ നിശ്ചയിച്ചു എന്തായാലും, എനിയ്ക്ക് ഒരു വിധത്തിൽ സന്തോഷമായി. കുറച്ചു കഷ്ടപ്പെട്ടാലെന്ത്? ഒരു കഥയ്ക്കുള്ള "പ്ലോട്ട്" കിട്ടാതെ ഞാൻ വിഷമിക്കുകയായിരുന്നു. ഇൻസ്റ്റിററ്യൂഷൻെറ "സൊവനിയറി"ലേയ്ക്കു ഒരു കഥ കൊടുക്കണം. അതിനുള്ള വക ഇവൾ തരും.

ലോഡ്ജിലെത്തി. അവൾ ഇനിയും കണ്ണുമിഴിച്ചിട്ടില്ല. തീരെ ബോധമില്ല. മരിച്ചുവോ? ഇല്ല. ശ്വാസം വലിയ്ക്കുന്നുണ്ട്. വൈദ്യുത വെളിച്ചത്തിൽ ആ മുഖം എവിടെ വെച്ചോ അല്പം പരിചയമുള്ളതുപോലെ തോന്നി. നല്ലവണ്ണം ഓർക്കുന്നില്ല.

കുട്ടി നിലവിളിയ്ക്കുകയാണ്. അവൾ മെല്ലെ കണ്ണുമിഴിച്ചു. ഉത്സുകരായി നില്ക്കുന്ന ഞങ്ങളെയെല്ലാം സൂക്ഷിച്ചു നോക്കി. "ഹാ! രാ....ധ.... സുശീല.... ഫിലു...." അവൾ എണീററു ഓടുവാൻ ശ്രമിച്ചു. "പ്ടേ" അവിടെത്തന്നെ വീണു. ഞങ്ങൾ വീണ്ടും കട്ടിലിൽ കിടത്തി. ഹാ! അവൾ എങ്ങിനെ ഞങ്ങളെ അറിയും. ഞങ്ങൾ അവളെ അറിയുകയില്ല. എനിയ്ക്ക് അതിയായ അത്ഭുതം തോന്നി. ഞാൻ ഒരു അഞ്ചു കൊല്ലം പിന്നോക്കം നോക്കി. അവിടെ നടന്ന സംഭവങ്ങൾ ഓരോന്നായി ഓർമ്മയിൽ വന്നു. "ഹാ! സുമ നമ്മുടെ സുമയല്ലെ ഇത്" ഞാൻ പെട്ടെന്ന് ചോദിച്ചു. അതെ, സുമ. സുശീലയ്ക്കും, ഫിലോമിനയ്ക്കും ഓർമ്മ വന്നു. മേരിയ്ക്ക് പരിചയമുണ്ടായിരുന്നില്ല. എന്തെന്നാൽ മേരി ഞങ്ങളുടെ കൂടെയല്ല ഹൈസ്കൂളിൽ പഠിച്ചിരുന്നത്.

സ്കൂൾ ജീവിതം. അതെത്ര ആനന്ദകരമായിരുന്നു! സുമ—എന്തൊരു പ്രസരിപ്പും, സൌന്ദര്യവുമുള്ള കുട്ടിയായിരുന്നു! രാഷ്ട്രീയ കാര്യങ്ങളിൽ നല്ല അറിവും ഔത്സുക്യവുമുണ്ടായിരുന്നു. അവൾ വായിയ്ക്കാത്ത വർത്തമാനപത്രങ്ങളില്ല. മിക്സഡ് സ്കൂളായിരുന്നു. വിദ്യാർത്ഥികളോടെല്ലാം അവൾ നിസ്സങ്കോചം പെരുമാറിയിരുന്നു. എങ്കിലും അനാവശ്യമായി ആടിക്കുഴയാനൊന്നും അവൾക്കറിവുണ്ടായിരുന്നില്ല കാര്യം മാത്രം. ആയിടയ്ക്കാണ് രസകരമായ ഒരു സംഭവമുണ്ടായത്. മുതലാളിയുടെ മകൻ മൂളിപ്പാട്ടുമായി അവളെ പിന്തുടരുമായിരുന്നു. ഒരു ദിവസം "ഠോ" ഒരൊററ പെട ചെകിട്ടത്ത്. ഫ്രാൻസിസ് പിറെറ ദിവസം തന്നെ സർട്ടിഫിക്കററ് വാങ്ങി രണ്ടു നാഴിക അകലെയുള്ള ഒരു ഹൈസ്കൂളിൽ ചേർന്നു. പിന്നീട് ആരുംതന്നെ അവളെ അലട്ടാറില്ല.

അങ്ങിനെ സ്കൂൾഫൈനൽ പരീക്ഷയും കഴിഞ്ഞു ഞങ്ങൾ വേർതിരിഞ്ഞു. ഞാൻ അവിടവിടെയായി ഓരോ സ്കൂളിൽ ജോലിനോക്കി പോന്നു. ഇപ്പോൾ ട്രെയിനിങ്ങ് കഴിയ്ക്കാതെ തുടരുവാൻ സാദ്ധ്യമല്ലെന്നായി.

ഹാ! സുമയ്ക്കിന്ന് എന്തു പററി? പണ്ടത്തെ ആകർഷണീയമായ ആ സൌന്ദര്യം ഇന്നെവിടെപ്പോയി. അവളുടെ ആദർശങ്ങളും അഭിപ്രായങ്ങളും അവളെ ഇത്തരത്തിലുള്ള ഒരു നരകത്തിലേയ്ക്കാണോ ആനയിച്ചത്? ഇപ്രകാരം ഒരായിരം ചോദ്യം എന്നിൽ ഉയർന്നു.

"കുറച്ച് വെള്ളം.... ചോറ്...." അവൾ യാചിച്ചു. അല്ല— അവളുടെ വയറ്. ഞങ്ങൾ വേഗം കുറെ ചോറും കറിയും കൊണ്ടുവന്നു കൊടുത്തു. അത്യാർത്തിയോടെ അതെല്ലാം വാരിത്തിന്നു. ചോറ് കണ്ടിട്ട് ഒരാഴ്ചയായിരുന്നു. അവൾ കുട്ടിയെ പാലൂട്ടി. അവൻ വേഗം വേഗം അവളുടെ ദരിദ്രമായ മുലകൾ ചപ്പി ചപ്പി കുടിച്ചു.

സംസാരിക്കാമെന്നായപ്പോൾ ഞാൻ ചോദിച്ചു. ''സുമെ, നിനക്കെന്തുപററി? നീയിങ്ങിനെ....'' അവൾ എണീററിരുന്നു. ''ഞാൻ പോകട്ടെ, ദയവു ചെയ്ത് എന്നോടൊന്നും ചോദിയ്ക്കല്ലെ. എനിയ്ക്കു വേണ്ടി കഷ്ടപ്പെട്ടതിന്ന് ഏററവും നന്ദി''. ഞാൻ വീണ്ടും നിർബ്ബന്ധിച്ചു. ''നിൻെറ പഴയ രാധയല്ലെ ഞാൻ! എന്നോടു തുറന്നു പറയൂ നിനക്കെന്തു പററിയെന്ന്. ഞാൻ എന്തു സഹായവും ചെയ്യും.'' അവസാനം നിർബ്ബന്ധം സഹിയ്ക്കവയ്യാതായപ്പോൾ അവൾ ഒരുവിധം പറഞ്ഞൊപ്പിച്ചു.

''സ്കൂൾ ഫൈനൽ വരെയുള്ള എൻെറ ജീവിതം നിങ്ങൾക്കറിയാമല്ലൊ. നമ്മുടെ രാഷ്ട്രത്തിന്നു വേണ്ടി ഞാൻ എൻെറ ജീവിതം സമർപ്പിച്ചിരുന്നു. വിവാഹം എൻെറ സ്വതന്ത്രമായ രാഷ്ട്രീയ പ്രവർത്തനത്തിന്ന് ഒരു വിലങ്ങുതടിയായിരിക്കുമെന്ന് വെച്ചു അച്ഛൻ നിശ്ചയിച്ച ഒരു വിവാഹം ഞാൻ സ്വീകരിച്ചില്ല. കോപാന്ധനായ അദ്ദേഹം എന്നെ വീട്ടിൽ നിന്നും പുറത്താക്കി. പാർട്ടി രണ്ടു കയ്യും നീട്ടി എന്നെ സ്വാഗതം ചെയ്തു. എൻെറ പ്രവർത്തനങ്ങൾ ഏററവും സജീവമാണെന്നും സ്ത്രീകൾ പൊതുകാര്യങ്ങളിലിറങ്ങി പ്രവർത്തിയ്ക്കുന്നതു തികച്ചും അഭിലഷണീയമാണെന്നും നേതാക്കൾ പ്രസംഗിച്ചു നടന്നു.

അങ്ങിനെയിരിയ്ക്കുമ്പോഴാണ് അദ്ദേഹം പ്രേമത്തിൻെറ ഗാനങ്ങളും പാടി എൻെറ ജീവിതത്തിലേയ്ക്ക് കടന്നു വന്നതു്. പ്രേമം എന്ന പദം നോവലിലും സിനിമയിലും മാത്രം അനുഭവപ്പെട്ടിട്ടുള്ള എനിയ്ക്കു അതു ആദ്യമായി എൻെറ ജീവിതത്തിലും അനുഭവപ്പെട്ടു തുടങ്ങി. എന്തിനധികം പറയുന്നു. അദ്ദേഹം എന്നെ അത്യധികം ആകർഷിച്ചു. ഞാനദ്ദേഹത്തെ ആരാധിച്ചു. അദ്ദേഹം എൻെറ ഹൃദയം കവന്നെടുത്തു....

''ആരാണ് അദ്ദേഹം....'' സുശീലയുടെ ക്ഷമ നശിച്ചിരിയ്ക്കണം.

''അദ്ദേഹം....അദ്ദേഹം....'' അവൾ പല്ലു കടിച്ചു. ''നിങ്ങളുടെ അദ്ധ്യക്ഷൻ....''

''ങ്ഹേ്....'' ഞങ്ങൾ ഞെട്ടി.

''ക്ഷമിയ്ക്കു'' അവൾ യാതൊരു ഭാവവ്യത്യാസവുമില്ലാതെ തുടർന്നു. ''എനിയ്ക്കു മാസം മൂന്നായി. ഞാൻ വിവാഹത്തിന്ന് നിർബന്ധിച്ചു. തിരഞ്ഞെടുപ്പിൻെറ തിരക്കം തിരക്കമായിരുന്നു. ഇതെല്ലാം ഒന്നു കഴിയട്ടെ. കഴിഞ്ഞാലുടൻ നമ്മുടെ വിവാഹം. ഓമന ഒന്നുകൊണ്ടും ഭയപ്പെടേണ്ട!'' അദ്ദേഹം ആശ്വസിപ്പിച്ചു. ഞാൻ വിശ്വസിച്ചു. അങ്ങിനെ തിരഞ്ഞെടുപ്പു കഴിഞ്ഞു. അദ്ദേഹം ജയിച്ചു. പാർട്ടി ലീഡറായി. ഇത്തരത്തിലുള്ള വ്യഭിചാരിണികൾ നമ്മുടെ സംഘടനയുടെ സൽപേരിന്ന് ഹാനികരമാണ്.'' എന്നു പറഞ്ഞു് അദ്ദേഹം എന്നെ പാർട്ടിയിൽനിന്നും പുറത്താക്കി.''

അവൾ കിതയ്ക്കുന്നുണ്ടായിരുന്നു. ഞാൻ കുറെ വെള്ളം കൊടുത്തു. അവൾ വലിച്ചു കുടിച്ചു.

''രാധേ, ഞാൻ അദ്ദേഹത്തെ സ്നേഹിച്ചുപോയി. എനിയ്ക്കീ ലോകത്തിൽ മറെറാരുത്തനെ സ്നേഹിയ്ക്കുവാൻ സാദ്ധ്യമല്ല. എനിയ്ക്കൊരാഗ്രഹമേ ഉള്ളൂ. അദ്ദേഹത്തെ ഇടയ്ക്കിടെ കാണണം. അതിനുവേണ്ടിയാണ് ഞാൻ ഇത്രയും വഴി വലിഞ്ഞിഴഞ്ഞു് ഇങ്ങോട്ടു വന്നതു്. എന്നിട്ടും സാധിച്ചില്ല. രാധേ' എനിയ്ക്ക് അദ്ദേഹത്തോട് യാതൊരു ദേഷ്യവുമില്ല. എല്ലാം എൻെറ നിർഭാഗ്യം. അദ്ദേഹം എൻെറ ആരാധനാപാത്രമാണ്. ഞാൻ അദ്ദേഹത്തെ സ്നേഹിച്ചുപോയി. ഈ കഥ നീ ആരോടും പറയരുതു്. അദ്ദേഹത്തിന്ന് മോശപ്പേരുണ്ടാകും. ഉന്നതങ്ങളായ ആശയങ്ങളും ആദർശങ്ങളും പ്രസംഗിച്ചു നടക്കുന്ന നേതാക്കൾ! എൻെറ നാട്!! ഭാരതം!!

അവൾ ഒരു നീണ്ട നെടുവീർപ്പിട്ടു.

# നഷ്ടജാതകം

## അതിന്റെ പ്രായോഗിക വശം

(നല്ലൂർ രാമചന്ദ്രപ്പണിക്കർ, ഫറോക്ക്)

വേദത്തിന്റെ ചക്ഷുസ്സാണ് ജ്യോതിശ്ശാസ്ത്രം എന്നു പറയുന്നതിൽ ഒട്ടും അത്ഭുതമില്ല—"സർവ്വേന്ദ്രിയാണാം നയനം പ്രധാനം" എന്നു തുടങ്ങിയ വിശേഷണങ്ങളും ഇതിന്നനുകൂലങ്ങളാണ്—ഇത്രയും അപാരമായ ഒരു ശാസ്ത്രം മറ്റൊന്നില്ല എന്നു തന്നെ പറയാം—ജ്യോതിശ്ശാസ്ത്രത്തിന്നു ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം, എന്നിങ്ങിനെ ആറംഗങ്ങളാണുള്ളത്. ഇവയിൽ "ജാതക"മെന്നു പറയുന്നത് ജനനസമയത്തെ അടിസ്ഥാനമാക്കിയും, "ഗോളം" എന്നു പറയുന്നതു ഭൂഗോളം ആകാശഗോളം, ഗ്രഹഗോളം മുതലായവയുടെ സ്വരൂപവിശേഷങ്ങളെയും, "നിമിത്തം" എന്നു പറയുന്നതു താല്ക്കാലിക ലക്ഷണങ്ങളെക്കൊണ്ടുള്ള ഫലപ്രവചനങ്ങളെയും, "പ്രശ്ന"മെന്നതു ആരൂഢം കൊണ്ടു പറയുന്ന ഫലങ്ങളെയും, "മുഹൂർത്തം" എന്നു പറയുന്നതു വിവാഹാദി കർമ്മങ്ങളുടെ ശുഭാശുഭകാലങ്ങളെയും, "ഗണിത"മെന്നതു സൂര്യാദിഗ്രഹങ്ങളെയും, ഗ്രഹണം മുതലായതുകളെയും കുറിക്കുന്നവയുമാകുന്നു.

ഐക്യകേരളത്തിന്
വേണ്ടി വാദിക്കുന്ന
മലയാളപത്രം
★ പൗരശക്തി ★
(മലയാള ദിനപ്പത്രം) വില 1 ണ
പത്രാധിപർ:
കെ. എ. ദാമോദരമേനോൻ
(എം. പി.)
P. B. 100.
കോഴിക്കോട്. 1

ഈ കാലത്തിൽ ജ്യോതിശ്ശാസ്ത്രഫലഭാഗത്തിൽ വിശ്വാസം കുറഞ്ഞവരായി ചിലരെ കാണാം—എന്നാൽ അതിന്നുള്ള പ്രധാന കാരണം ആ ഭാഗത്തിന്റെ ഗഹനതയാകുന്നു—അതിൽ ഉത്സർഗ്ഗാപവാദങ്ങൾ ധാരാളമുണ്ട്—അവയെ എല്ലാം സൂക്ഷ്മമായി പര്യാലോചന ചെയ്തു ഫലനിർദ്ദേശം ചെയ്‌വാൻ വളരെ പ്രയാസമുണ്ട്. അതിന്നു ഉത്സാഹവും, ഉണർവ്വും, പഠിപ്പും, ഗുരുത്വവും, ദൈവാധീനവും, ഭാഗ്യവും ഉള്ള പ്രാശ്നികന്മാർ സുദുർല്ലഭവുമാണ്. മറ്റൊരു വിഭാഗം ജനങ്ങൾ ജ്യോതിശ്ശാസ്ത്രത്തിൽ വിശ്വാസമില്ലെന്നു നടിക്കുകയും, പറയുകയും ചെയ്യുമെങ്കിലും, സ്വന്തം കാര്യം വരുമ്പോൾ അതെല്ലാം വിസ്മരിച്ചു പ്രാശ്നികന്മാരെ സമീപിച്ചുവരുന്നതും കാണാം. ഇതെല്ലാം ഈ കാലത്തിൽ സാധാരണ നടന്നുവരുന്ന സമ്പ്രദായമാണ്. ഇതുകൊണ്ടൊന്നും ജ്യോതിശ്ശാസ്ത്രത്തിന്റെ നിലവാരത്തിന്നു ഒരു കോട്ടവും തട്ടുവാൻ പോകുന്നില്ല. അതു ലോകം ഉത്ഭവിച്ചതു മുതൽ ആരംഭിച്ചതും ലോകാവസാനംവരെ നിലനില്ക്കുന്നതുമാണ്. ഉത്തരവാദപ്പെട്ട ചില ഭരണകർത്താക്കന്മാർപോലും ശാസ്ത്രത്തിന്റെ ഹരിഃശ്രീ പോലും അറിയാതെ അതിനെ നിർല്ലജ്ജം അപലപിക്കുന്നതു കേട്ടാൽ തോന്നും ജ്യോതിശ്ശാസ്ത്രം അവർക്കു വേണ്ടി പ്രത്യേകം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണോ എന്ന്? ഹിന്ദുമതത്തിൽ പിന്നെ ഏതൊരു വ്യക്തിയും, ജ്യോതിശ്ശാസ്ത്രത്തിന്റെ ഷഡംഗങ്ങളിൽപെട്ട ഏതിനെയെങ്കിലും ആശ്രയിക്കാത്തവരുണ്ടോ എന്നു സംശയമായിരിക്കും. എന്റെ ചില സ്വാനുഭവങ്ങളെ വെച്ചു നോക്കുമ്പോൾ ഹിന്ദുമതത്തിൽ മാത്രമല്ല, ഇതരമതസ്ഥന്മാർക്കു പോലും ജ്യോതിശ്ശാസ്ത്രത്തിൽ വിശ്വാസം കൂടിക്കൂടി വരികയാണ്.

ജ്യോതിശ്ശാസ്ത്രത്തിന്റെ പ്രായോഗികവശങ്ങളെ വേണ്ടതുപോലെ കൈകാര്യം ചെയ്യുവാൻ കഴിവില്ലാത്ത ചില വേഷങ്ങൾ ഇന്നും ഈ ശാസ്ത്രത്തിന്റെ മാഹാത്മ്യത്തെ നശിപ്പിക്കുവാനായി നടിച്ചു നടക്കുന്നവരുണ്ട്. അങ്ങിനെയുള്ളവരെ സമീപിക്കുവാനിടവരുന്ന പല മഹാന്മാരും ശാസ്ത്രത്തെ അപലപിക്കുന്നതിൽ തെറ്റില്ല. രണ്ടു കൂട്ടരും ഒരുപോലെ എന്നേ അതിന്നു പറവാനുള്ളു.

ജ്യോതിശ്ശസ്ത്രാത്തിൽ ഏററവും പ്രയാസമേറിയ

ഒരു വിഭാഗമാണ് നഷ്ടജാതക ഗണിതം, എന്നു പറയുന്നത്. ഇതു ജ്യോതിശ്ശാസ്ത്രനിയമങ്ങളെ വേണ്ടതുപോലെ അനുഷ്ഠിക്കുന്നവക്കും ഗുരുപദേശത്തിൽ ഭക്ത്യാദരവിശ്വാസങ്ങൾക്കു പാത്രമായിട്ടുള്ളവക്കും, ദൈവഭക്തിയുള്ളവക്കും സുഗ്രാഹ്യമായിരിക്കും.

ഇനി പ്രകൃതത്തിലേക്കു പ്രവേശിക്കാം.

ഒരാൾ പരീക്ഷിക്കുവാനല്ലാത്ത വിധത്തിൽ ജനിച്ച കൊല്ലമൊ, മാസമൊ, ദിവസമൊ, നക്ഷത്രമൊ, സമയമോ വിവരമില്ലാതെ ഒരു ജാതകം ആവശ്യമെന്നുവെച്ചു ജ്യോതിശ്ശാസ്ത്രജ്ഞനെ സമീപിച്ചു ചോദിച്ചാൽ അയാളുടെ ജനനകാലത്തെ – പ്രശ്നലഗ്നംകൊണ്ടു മനസ്സിലാക്കണം – പ്രശ്നലഗ്നം, പ്രഥമഹോരയിലാണെങ്കിൽ ഉത്തരായണകാലത്തിലൊന്നും, ദ്വിതീയ ഹോരയിലാണെങ്കിൽ ദക്ഷിണായനകാലത്തിലെന്നും ഗ്രഹിക്കേണം. പ്രശ്നലഗ്നം പ്രഥമ ദ്രേക്കാണമായി വരികിൽ ആ രാശി യാതൊന്നോ, അതിൽതന്നെയായിരിക്കും വ്യാഴം സ്ഥിതി ചെയ്യുന്നത് എന്ന് വിചാരിക്കാം. രണ്ടാമത്തെ ദ്രേക്കാണമാകിൽ ആ രാശിയുടെ അഞ്ചാം രാശിയിലും, മൂന്നാമത്തെ ദ്രേക്കാണമാകിൽ ആ രാശിയുടെ ഒമ്പതാമത്തെ രാശിയിലും ആയിരിക്കും വ്യാഴം എന്നു മനസ്സിലാക്കേണം. പരിവൃത്തി സംവത്സരങ്ങളെ വയസ്സുകൊണ്ടു ഊഹിച്ചു നിശ്ചയിക്കണം. സൂര്യൻ ലഗ്നത്തിലാണ് വരുന്നതെങ്കിൽ ഗ്രീഷ്മർത്തു എന്നും, സൂര്യാദി ഗ്രഹങ്ങളുടെ ദ്രേക്കാണം ലഗ്നമായിരുന്നാലും ഋതുനിർണ്ണയത്തെ മേൽപ്രകാരം ചിന്തിക്കേണ്ടുന്നതിൽ, സൂര്യൻ ലഗ്നത്തിലോ സൂര്യദ്രേക്കാണം ലഗ്നമായിട്ടോ വരികിൽ ഗ്രീഷ്മർത്തു എന്നും ശനി ലഗ്നത്തിലോ, ശനി ദ്രേക്കാണം ലഗ്നമായിട്ടോ വരികിൽ ശിശിരർത്തുവെന്നും, ചൊവ്വ മേൽപ്രകാരം വരികിൽ ഗ്രീഷ്മർത്തു എന്നും, ചന്ദ്രൻ മേൽപ്രകാരം വരികിൽ വഷർത്തു എന്നും, ബുധൻ മേൽപ്രകാരം വരികിൽ ശരദൃതു എന്നും, വ്യാഴമാകിൽ ഹേമന്തർത്തു എന്നും, ഗ്രഹിക്കണം. മററു ഗ്രഹങ്ങളെക്കൊണ്ടും ഋതുക്കളെ നിർണ്ണയിപ്പാൻ പറഞ്ഞിട്ടുള്ള "ദ്രേക്കാണെ ശിശിരാദയശ്ശുക്രചജ്ഞഗപാദിഷു ദൃത്സംവാ" എന്ന പ്രമാണപ്രകാരം ഒന്നോ, അതിലധികം ഗ്രഹങ്ങളൊ മേൽപ്രകാരം ലഗ്നത്തിൽ വരികയൊ അവരുടെ ദ്രേക്കാണം ലഗ്നഗതങ്ങളായി വരികയോ ചെയ്താൽ അവരിൽവെച്ചു ബലവാനായ ഗ്രഹത്തെക്കൊണ്ട് ഋതുക്കളെ നിർണ്ണയിക്കേണം. എന്നാൽ അയനവും, ഋതുവും വിരുദ്ധമായി വരികിൽ അവിടെ അയനത്തെ വിശ്വസിച്ച് ഋതുവിനെ മാററി നിശ്ചയിക്കുകയും വേണം. എങ്ങിനെയെന്നാൽ, അയനഋതുക്കൾ തമ്മിൽ ചേരാതെ വരുമ്പോൾ ചന്ദ്രബുധഗുരുക്കളെ = ശുക്രകുജമന്ദന്മാരെക്കൊണ്ടു മാററി യഥാക്രമമായി ഋതുവിനെ ഗ്രഹിക്കേണം – അതായതു ഉത്തരായണകാലത്തിൽ വർഷർത്തു എന്നു മററു ലക്ഷണങ്ങളെക്കൊണ്ടു പ്രാപ്തമായി വരികിൽ ലഗ്നഗതനായ ചന്ദ്രനെ ശുക്രനെന്നു സങ്കല്പിച്ചു വർഷർത്തുവിന്നു പകരം വസന്തം എന്നും – ഉത്തരായണത്തിൽ ശരദൃതു എന്നു പ്രാപ്തമായി വരികിൽ അവിടെ ചൊവ്വയെക്കൊണ്ടു പരിവൃത്തിയെ കല്പിച്ചു ഗ്രീഷ്മർത്തു എന്നും, ഉത്തരായണത്തിൽ ഹേമന്തമെന്നു ലക്ഷണവശാൽ ലഭ്യമായി എങ്കിൽ ഗുരുവിനെ ശനിയെക്കൊണ്ടു പരിവർത്തിപ്പിച്ചിട്ടു ശിശിരർത്തു എന്നും, ഗ്രഹിക്കേണം. ദക്ഷിണായനത്തിൽ വസന്തമെന്നു പ്രാപ്തമായി എങ്കിൽ ശുക്രന്റെ സ്ഥാനത്തു ചന്ദ്രനെക്കൊണ്ടു വർഷർത്തുവെന്നും, ഗ്രീഷ്മമെന്നു പ്രാപ്തമായെങ്കിൽ കുജന്റെ സ്ഥാനത്തു ബുധനെ സങ്കല്പിച്ചു ശരത്ത് എന്നും, ശിശിരമെങ്കിൽ അവിടെ വ്യാഴത്തെക്കൊണ്ടു പരിവൃത്തിയെ കല്പിച്ചു ഹേമന്തമെന്നും ഗ്രഹിക്കേണം. ചന്ദ്രനും, ബുധനും, വ്യാഴത്തിന്നും, – ശുക്രകുജമന്ദന്മാരെക്കൊണ്ടുള്ള പരിവർത്തനം പോലെ തന്നെ ശുക്രകുജമന്ദന്മാക്കും – ചന്ദ്രബുധജീവന്മാരെക്കൊണ്ടുള്ള പരിവർത്തനവും വിചാരിക്കാം.

## ഏതു മാസത്തിൽ ജനിച്ചു?

പ്രശ്നലഗ്നദ്രേക്കാണത്തിന്റെ പ്രഥമഭാഗം വർത്തമാനമായി വരികിൽ ഋത്വംശങ്ങളായ മാസങ്ങളിൽ വെച്ചു ആദ്യമാസമെന്നും, ദ്വിതീയ ഭാഗം വർത്തമാനമായി വരികിൽ ദ്വിതീയമാസമെന്നും ഗ്രഹിക്കുക.

## തിഥിനിർണ്ണയം.

മേൽപ്രകാരം മാസനിർണ്ണയം ചെയ്തുകഴിഞ്ഞാൽ ത്രൈരാശികഗണനം ചെയ്തു തിഥിയെ കണ്ടുപിടിക്കണം. എന്നാൽ തല്കാലാദിത്യൻ നില്ക്കുന്ന തിയ്യതി എത്രാമത്തെതോ, അത്രാമത്തെ തിഥിയാണ് ജന്മതിഥിയായി വരിക എന്നും, ചില ഋഷിമാക്കഭിപ്രായമുണ്ട്. എന്നാൽ തിഥിഗണനം ചെയ്യേണ്ടതു ശുക്ലപ്രഥമ മുതല്ക്കാണ്.

ജനനം പകലോ, രാത്രിയോ, (എത്ര നാഴികക്കു്)

രാത്രിയിലേക്ക ബലമുള്ള രാശി ലഗ്നമാകിൽ ജനനം പകലെന്നും, ദിനബലമുള്ള രാശി ലഗ്നമായി വരികിൽ ജനനം രാത്രിയെന്നും _ ആ രാശികളിൽ എത്ര നാഴികചെന്നുവൊ, അത്ര നാഴിക പകലൊ _ രാത്രിയിലോ ജനന സമയത്തേക്ക ചെന്നുവെന്നും ഗ്രഹിക്കേണം.

## ചന്ദ്രൻ എതു രാശിയിൽ.

പ്രശ്നലഗ്നത്തിൽനിന്നു തല്ക്കാല ചന്ദ്രഗതിയെ അറിഞ്ഞു അതു എത്രയോ അത്ര ഗതി തല്ക്കാലത്തിങ്കൽ നിന്നു ചന്ദ്രന്നു ഭവിക്കുമ്പോൾ ഏതു രാശിയായി വരുന്നുവോ, അതിനെ ജനനകാല ചന്ദ്രരാശി എന്നു പറയാം. അതായതു പ്രശ്നസമയ ചന്ദ്രസ്ഫുടത്തെവെച്ചു അതിൽനിന്നു ലഗ്നസ്ഫുടത്തെ കളഞ്ഞാൽ ശേഷിക്കുന്നതു യാതൊന്നോ, അതുതന്നെയാണു് ജനനകാലത്തിലെ ചന്ദ്രാധിഷ്ഠിതരാശി എന്നറിഞ്ഞുകൊള്ളണം. മീനം രാശ്യുദയ സമയത്തിലാണു് പ്രഷ്ടാവു ചോദിക്കുന്നതെങ്കിൽ മീനരാശി തന്നെ ചന്ദ്രാധിഷ്ഠിത രാശി എന്നൂഹിക്കാം. മേഷാദിരാശികൾക്ക പറഞ്ഞിട്ടുള്ള ചില പ്രകൃതിവിശേഷങ്ങളുടെ രൂപഭേദങ്ങൾ യാദൃച്ഛികമായി പ്രാപ്തമായെങ്കിലോ, മേഷാദി ശബ്ദശ്രവണം കൊണ്ടോ, ജന്മരാശിയെ ഊഹിക്കേണം.

## ജനനലഗ്നം

തല്ക്കാല ലഗ്നത്തിന്റെ നവാംശകരാശി യാതൊന്നോ, അതുതന്നെയാണു് ജനനലഗ്നമായി ഭവിക്കുക. തല്ക്കാല ലഗ്നദ്രേക്കാണത്തിൽ നിന്നു സൂര്യൻ എത്രാമത്തെ ദ്രേക്കാണത്തിൽ നിന്നുവൊ, ലഗ്നത്തിങ്കൽ നിന്നു തുടങ്ങി അത്രാമത്തെ രാശിയാണു് ജനനലഗ്നമെന്നും വിചാരിക്കാം.

നഷ്ടജാതകത്തെക്കുറിച്ചുള്ള പൃച്ഛാ സമയം ഏതു രാശ്യുദയസമയമാകുന്നാ, ആ രാശിയിൽ നില്ക്കുന്ന ഗ്രഹത്തിന്റെ തല്ക്കാല സ്ഫുടത്തെ ഉണ്ടാക്കി അതിനെ ആ കാലത്തിങ്കൽ പരീക്ഷിച്ചു ഗ്രഹിയ്ക്കപ്പെട്ട ശങ്കുഛായയുടെ വിരൽകൊണ്ടു പെരുക്കി അതിനെ 12കൊണ്ടു ഹരിച്ചാൽ ബാക്കിയുള്ളതു യാതൊന്നൊ, അതു ലഗ്നസ്ഫുടമെന്നറിഞ്ഞു അതിനെ അനുസരിച്ചു ജനനലഗ്നത്തെ വിചാരിക്കണം _ ഇരുന്നുകൊണ്ടാണു് പൃച്ഛയെങ്കിൽ ജനനലഗ്നം. തല്ക്കാല ലഗ്നത്തിന്റെ ഏഴാം രാശിയെന്നും, പീഠാദിസാധനങ്ങളിൽ നിന്നു എഴുനേററിട്ടാണു് പൃച്ഛയെങ്കിൽ ജനനലഗ്നം തല്ക്കാല ലഗ്നത്തിന്റെ പത്താം രാശിയെന്നും, കിടന്നുകൊണ്ടാണു് പൃച്ഛയെങ്കിൽ ജനനലഗ്നം തല്ക്കാല ലഗ്നത്തിന്റെ നാലാം രാശിയെന്നും, എഴുനേററിരിക്കുന്നവനായിട്ടു ചോദിച്ചുവെങ്കിൽ ജനനലഗ്നം, തല്ക്കാലലഗ്നംതന്നെഎന്നും വിചാരിക്കാം.

## ജന്മനക്ഷത്രം

ഇടവം, ചിങ്ങം ഇതു തല്ക്കാലലഗ്നമായി വരികിൽ അതിനെ സ്ഫുടീകരിച്ചു ഇലിയാക്കി പത്തുകൊണ്ടു് ഗുണിക്കേണം. മിഥുനമോ, വൃശ്ചികമോ ആകിൽ എട്ടുകൊണ്ടു ഗുണിക്കേണം. മേടമോ, തുലാമോ ആകിൽ ഏഴുകൊണ്ടു ഗുണിക്കേണം. കന്നിയോ, മകരമോ, ആകിൽ അതിനെ അഞ്ചുകൊണ്ടു ഗുണിക്കേണം. കൎക്കടമാകിൽ 4 കൊണ്ടും, ധനുവാകിൽ 9 കൊണ്ടും, കുംഭമാകിൽ 11 കൊണ്ടും, മീനമാകിൽ 12 കൊണ്ടും, ഗുണിക്കേണം. ലഗ്നരാശിയിൽ ഗ്രഹം നില്ക്കിൽ ഗ്രഹവൎണ്ണനയെ ചെയ്യണം. അതെങ്ങിനെയെന്നാൽ വിവരിക്കാം. മേൽപ്രകാരം കൃതഗുണനമായ ലഗ്നരാശിയുടെ ലിപ്താപിണ്ഡത്തെത്തന്നെ അതാതു ഗ്രഹങ്ങളുടെ ഗുണകാരംകൊണ്ടു ഗുണിക്കുന്നതു യാതൊന്നോ, അതുതന്നെ എന്നറിയേണം.

| | | |
|---|---|---|
| വ്യാഴത്തിന്നു ഗുണകാരം. | | 10 |
| ചൊവ്വെക്കു | ,, | 8 |
| ശുക്രന്നു | ,, | 7 |
| ബുധന്നു | ,, | 5 |
| സൂൎയ്യന്നു | ,, | 5 |
| ചന്ദ്രന്നു | ,, | 5 |
| ശനിക്കു | ,, | 5 |

ഇവരിൽവെച്ചു ഏതു ഗ്രഹം ലഗ്നത്തിൽ നില്ക്കുന്നുവൊ, ആ ഗ്രഹത്തിന്റെ ഗുണകാരസംഖ്യകൊണ്ടു ലഗ്നലിപ്താപിണ്ഡത്തെ ഗുണിക്കേണം.

രാഹുകേതുക്കൾക്ക ഗുണകാര സംഖ്യ പറഞ്ഞിട്ടില്ല.

മേല്പറഞ്ഞ ലിപ്താപിണ്ഡത്തെ ഏഴിൽ ഗുണിച്ചു ഇരുപത്തേഴുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു എത്ര

യോ അത്രാമത്തെ നക്ഷത്രം പ്രഷ്ടാവിന്റെ ജന്മനക്ഷത്രമാകുന്നുവെന്നു ഗ്രഹിക്കേണം. മേൽപ്രകാരമുള്ള ഹരണത്തിൽ ശേഷിച്ച സംഖ്യയിൽ ഒമ്പതു കൂട്ടുകയോ, ഒമ്പതു കളയുകയോ ചെയ്താൽ ബാക്കിയുണ്ടാകുന്ന സംഖ്യ എത്രയോ, അത്രാമത്തെ നക്ഷത്രം പ്രഷ്ടാവിന്റെ ജന്മനക്ഷത്രമായി വരുന്നതാണ്. ഇതിന്റെ സാരം ലഗ്നം ചരരാശിയാണെങ്കിൽ 9 കൂട്ടുകയും, ഉഭയരാശിയാകിൽ ഒമ്പതു കളയുകയും ചെയ്തു നക്ഷത്രഗണനയെ തീർച്ചപ്പെടുത്തണമെന്നാകുന്നു. അതിലും ചില വിശേഷങ്ങളുണ്ട്. ലഗ്നത്തിന്റെ ദ്രേക്കാണം ഒന്നാമത്തെതാകിൽ 9 കൂട്ടേണമെന്നും, മൂന്നാമത്തേതാകിൽ 9 കളയണമെന്നും ഉണ്ട്. ഇതാണ് അധികം സ്വീകാര്യമായിക്കാണുന്നതു്.

## ഭാര്യ, സഹോദരൻ, പുത്രൻ, ശത്രു മുതലായവരുടെ ജന്മനക്ഷത്രം

ഉദയസ്ഫുടത്തിന്റെ രാശി സ്ഥാനത്തിൽ 6 കൂട്ടിയാൽ അതു സപ്തമസ്ഫുടമായി വരും. ആ സ്ഫുടത്തെ രാശി ഗുണകാരംകൊണ്ടു ഗുണിച്ചാൽ വരുന്ന ലിപ്താപിണ്ഡസംഖ്യയെ ആ രാശിയിൽ ഗ്രഹമുണ്ടെങ്കിൽ ഗ്രഹഗുണാകാരം കൊണ്ടു ഗുണിച്ചു ശേഷം മേൽപ്രകാരം കൃതഗുണനമായ ലിപ്താസമുദായത്തെ 7ൽ പെരുക്കി 21ൽ ഹരിച്ചാൽ ബാക്കിയാകുന്ന സംഖ്യ എത്രയോ അത്രാമത്തെ നക്ഷത്രം പൃച്ഛകന്റെ ഭാര്യയുടെ ജന്മനക്ഷത്രമെന്നും, ഉദയലഗ്നസ്ഫുടത്തിന്റെ രാശിസ്ഥാനത്തിൽ 2 കൂട്ടിയാൽ ഉണ്ടാകുന്ന തൃതീയരാശികൊണ്ടു മേൽപ്രകാരം കിട്ടുന്ന നക്ഷത്രം പൃച്ഛകസഹോദരന്റെ നക്ഷത്രമെന്നും, ഉദയലഗ്നസ്ഫുടത്തിന്റെ രാശിസ്ഥാനത്തിൽ 4 കൂട്ടിയാലുണ്ടാകുന്ന പഞ്ചമസ്ഫുടംകൊണ്ടു പൃച്ഛകന്റെ പുത്രന്റെ ജന്മനക്ഷത്രം ഇന്നതാകുന്നുവെന്നും 5 കൂട്ടിയാൽ ഉണ്ടാകുന്ന ഷഷ്ഠസ്ഫുടംകൊണ്ടു ശത്രുവിന്റെ നക്ഷത്രത്തെയും പറയേണം.

## ജനിച്ച സംവത്സരം.

ഉദയലഗ്നത്തെ മേൽപ്രകാരം ഗണിച്ചുണ്ടാക്കിയ ലിപ്താസമുദായത്തെ പിന്നെയും പത്തു മുതലായ സംഖ്യകളെക്കൊണ്ടു പെരുക്കി വർഷാദികളിൽ വെച്ച അതാതിന്റെ ഗുണകാരംകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്ന സംഖ്യ എത്രയോ, അത്രാമത്തെ സംവത്സരമെന്നും, ഋതുവെന്നും, മാസമെന്നും, തിഥിയെന്നും പറഞ്ഞു തുടങ്ങി ക്രമേണ വർഷാദികളെ അറിഞ്ഞുകൊള്ളേണം. വർഷത്തിന്നും, ഋതുവിന്നും, മാസത്തിന്നും, തിഥിക്കും ഗുണകാരം പത്തായതിനാൽ വർഷാദികളായ അതുകളെ നിർണ്ണയിക്കേണ്ടതിനാൽ ഉദയലഗ്നത്തെ ഇലിയാക്കി രാശി ഗുണാകാരം കൊണ്ടും, അതിൽ ഗ്രഹമുണ്ടെങ്കിൽ ഗ്രഹഗുണകാരം കൊണ്ടും ഗുണിച്ചുണ്ടാക്കിയ ഗുണപിണ്ഡത്തെ പത്തു കൊണ്ടു ഗുണിച്ചു അതിനെ വർഷഹാരകമായ അറുപതുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു എത്രയൊ, അത്രാമത്തെ സംവത്സരമെന്നും, ആറുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു എത്രയോ, അത്രാമത്തെ ഋതുവെന്നും, പന്ത്രണ്ടുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു എത്രയോ അത്രാമത്തെ മാസമെന്നും, അതിനെത്തന്നെ തിഥിഹാരകമായ മുപ്പതുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു എത്രയോ ശുക്ലപ്രതിപദം മുതൽ അത്രാമത്തെ തിഥിയെന്നും, ദിനരാത്രി ഗുണകാരം എട്ടാകയാൽ ഗുണപിണ്ഡത്തെ എട്ടിൽ ഗുണിച്ചു ഹാരകമായ രണ്ടുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു ഒന്നാകിൽ ജനനം പകലെന്നും, രണ്ടാകിൽ രാത്രിയെന്നും നക്ഷത്രഗുണാകാരം 7 ആകയാൽ ഗുണപിണ്ഡത്തെ ഏഴിൽ പെരുക്കി 27 കൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു എത്രയോ, അത്രാമത്തെ നക്ഷത്രമെന്നും, വേലാദി ഗുണാകാരം അഞ്ചാകയാൽ ഗുണപിണ്ഡത്തെ അഞ്ചിൽ പെരുക്കി ദിനനാഡികാ പ്രമാണവും രാത്രി നാഡികാ പ്രമാണവുമായ മുപ്പതുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതെത്രയോ അത്രാമത്തെ നാഴിക ജനനവേലയെന്നും, അതിനെ പന്ത്രണ്ടുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതെത്രയോ അത്രാമത്തെ രാശി ഉദയലഗ്നമെന്നും, 9 കൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതെത്രയോ, അത്രാമത്തെ നവാംശമെന്നും, രണ്ടു കൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു എത്രയോ അത്രാമത്തെ ഹോരയെന്നും, മൂന്നുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതെത്രയോ, അത്രാമത്തെ ദ്രേക്കാണമെന്നും, 12 കൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതെത്രയോ അത്രാമത്തെ ദ്വാദശാംശകമെന്നും, മുപ്പതുകൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതെത്രയോ, അത്രാമത്തെ ത്രിംശാംശകമെന്നും ഗ്രഹിക്കേണം.

മേൽപ്രകാരമുള്ള ക്രിയകളോരോന്നും പരിശോധിച്ചറിഞ്ഞു ശരിപ്പെടുത്തി പിന്നീടു ജാതകം ഗണിക്കാം. അതു വളരെ ശരിയായി വരുന്നതുമായിരിക്കും.

# പ്രതീക്ഷ

വിദ്വാൻ കെ. പ്രകാശം

(മാരിവില്ലൊളി എന്ന രീതി)

നീല വാനമാം മല്ലീകാവനി
ലാലസിച്ചങ്ങു നില്ക്കവേ
പൂനിലാവൊളിപ്പുഞ്ചിരി തൂകി
താരകാനാഥൻ നില്ക്കവേ
ഉല്ലസിച്ചിടും മുല്ലതൻമണം
മെല്ലെമെല്ലെപ്പരക്കവേ
മാമകമനോവാനിലാനന്ദ-
ത്തൂമണം തൂകും നായകാ !
ജീവിതാനന്ദത്തേൻകണം തൂകും
പാവന പ്രേമ ഗായകാ !
കാത്തിരിക്കുകയാണു നിന്നെ ഞാൻ
ചിത്തചൈതന്യദായകാ !
എത്തുക, തമോഭിത്തിയെത്തുര-
ന്നെത്തുക ചിത്ത താരമേ !
സുന്ദര സ്വപ്നമെന്നപോൽ ഭവാൻ
വന്നു മാഞ്ഞു മറഞ്ഞുപോയ്
വാടുമെന്നുടെ ജീവിതസുമ-
വാടിയൊന്നു തളിക്കുവാൻ
പൊള്ളിടും മരുഭൂവിൽ വന്നല
തല്ലുക സുധാപൂരമേ !
വീണു പോയൊരെൻ മോഹന പ്രേമ
വീണതൻ തന്ത്രി മീട്ടുവാൻ
ചിത്തദാഹമോടാത്ത കൌതുകം
കാത്തിരിക്കുകയാണു ഞാൻ
വിന്യസിച്ചിടും പാദനിസ്വനം
തന്നെയോർത്തു വസിക്കയാം!

    മാമക മനോവാനിലാനന്ദ-
    ത്തൂമണം തൂകും ഭാവുക,
    എത്തുക തമോ ഭിത്തിയേത്തുര-
    ന്നെത്തുക ചിത്ത താരമേ !



കലാകേന്ദ്രം പ്രസിഡണ്ട്

## എ. വി. എസ്സ്. പണിക്കർ,

ഇദ്ദേഹം കലാകേന്ദ്രം കമ്പനി ലിമിററഡിന്റെ

മേനേജിംഗ് ഡയറക്ടരും

കളരിയുടെ പത്രാധിപരുമാകുന്നു.



കലാകേന്ദ്രം കാര്യദർശി

## ഡോ: എം. ഡി. കുറുപ്പ്,

ആയുർവേദശാസ്ത്രി.

ഇദ്ദേഹം കലാകേന്ദ്രം കമ്പനിയുടെ

ഡയറക്ടറും,

കളരി സഹപത്രാധിപരുമാകുന്നു.



## കെ. ആർ. ദാമോദരൻ പണിക്കർ

സഹകാര്യദർശി,

കലാകേന്ദ്രം ഡയറക്ടർ

ദി കലാകേന്ദ്രം കമ്പനി ലിമിററഡ്

തൃശ്ശൂർ.





ഇന്നു കലാകേന്ദ്രത്തി
നുവേണ്ടി പ്രവർ
ത്തിച്ചുകൊണ്ടി
രിക്കുന്ന പ്ര
വർത്തക
ന്മാരി
ൽ
പ്രമുഖനായ
ഡോ:
കെ. ജി. സംഗ
ഇദ്ദേഹം മെഡിക്കൽ
അസോസിയേഷന്റെ
തിരു: കൊച്ചി ശാഖ
യുടെ കാര്യദർശിയാ
കുന്നു.




കളരി പ്രതിമാസ പ
ത്രികയുടെ പത്രാ
ധിപസമിതി
യിൽ ജോ
തിഷ വി
ഭാഗ
ത്തി
ന്റെ ഭാ
രം വഹി
ച്ചുകൊണ്ടിരി
ക്കുന്നവരിൽ ഒരാളായ
നല്ലൂർ
ഗോപാല
പ്പണിക്കർ.
ഫറോക്ക്.

കലാകേന്ദ്രം ആയുർവേദിക് റിസർച്ച് ലേബോർട്ടറീസ് ആൻഡ് നേഴ്സിങ്ങ്ഹോമിന്റെ
അഡൈ്വസറിബോർഡ് ചെയർമാൻ,

**ഡോക്ടർ വി. എൻ കൃഷ്ണയ്യർ, L. R. C. P., M. R. C. S., T. D. D. (Trichur)**

ഇദ്ദേഹം ഇന്ത്യ മെഡിക്കൽ അസോസിയേഷന്റെ തിരു:കൊച്ചി ശാഖയുടെ
വൈസ് പ്രസിഡന്റാണ്



# കലാകേന്ദ്രം അഡ്വൈസറി ബോർഡ് സെൻട്രൽ ഡിവിഷൻ

## തൃശ്ശൂർ.

**ഇരിക്കുന്നവർ:**—1) ശ്രീ. കെ. കെ. രാജാ, 2) ശ്രീ. പി. വാസുനമ്പീശൻ റിട്ടയേർഡ് ചീഫ് വൈദ്യൻ ദി രാമവർമ്മ സെൻട്രൽ ഹോസ്പിറ്റൽ, തൃശ്ശൂർ, 3) ഡോക്ടർ കെ. കൊച്ചുണ്ണിമേനോൻ, 4) ശ്രീ. കോമാട്ടിൽ അച്യുതമേനോൻ, റിട്ടയേർഡ് ഡിവാൻപേഷ്കാർ, 5) ശ്രീ. ഡോക്ടർ വി. എൻ. കൃഷ്ണയ്യർ എൽ. ആർ. സി. പി. എം. ആർ സി. എസ്സ്. ടി. ഡി. ഡി. തൃശ്ശൂർ, 6) ശ്രീ. പുത്തേഴത്തു രാമമേനോൻ റിട്ടയേർഡ് ഡിസ്ട്രിക്ട് ജഡ്ജി, 7) ശ്രീ. കുന്നത്തു മനയ്ക്കൽ നാരായണൻ നമ്പൂതിരി, കൊച്ചി റോയൽ ഫേമലി വൈദ്യൻ തൃശ്ശൂർ, 8) ശ്രീ ആറൂർ കൃഷ്ണപിഷാരോടി, പണ്ഡിതരാജകവിരത്നം എക്സ് ട്യൂട്ടർ ഹിച്ച് എച്ച്. ദി രാജപ്രമുഖ്, തൃശ്ശൂർ, 9) ശ്രീ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ റിട്ടയേർഡ് ലച്ചറർ രാമവർമ്മപുരം ടെയിനിങ്ങ് കോളേജ്, 10) ശ്രീ. കെ. വാസുദേവൻ മൂസ്സ് (കെ. വി. എം)

**നിൽക്കുന്നവർ:**—1) ശ്രീ. എ. കെ. കുമാരപ്പണിക്കർ, 2) ശ്രീ. എം. ഡി. കുറുപ്പ്, 3) ശ്രീ. എ. വി. എസ്സ്. പണിക്കർ, 4) ശ്രീ. കെ. പി. നാരായണ പിഷാരോടി, 5) ഡോക്ടർ കെ. കെ. ആർ. ഓസ്സ്.

# സമസ്തകേരള സാഹിത്യപരിഷത്ത്

സമസ്തകേരള സാഹിത്യപരിഷത്തിന്റെ ഇരുപത്തിനാലാം സമ്മേളനം കേരളത്തിലെ പഴയ ഭോജ രാജധാനിയായ തിരുവനന്തപുരത്തുവെച്ച് കൊണ്ടാടിയിരിക്കുന്നു. പത്ര റിപ്പോർട്ടുകളിൽനിന്ന് വളരെയൊന്നും മനസ്സിലാകയില്ലെങ്കിലും, സന്നിഹിതരായവരുടെ സംഭാഷണങ്ങളിൽനിന്നും കാര്യപരിപാടിയെക്കുറിച്ചുള്ള ഒരു വിഹഗവീക്ഷണത്തിൽനിന്നും പരിഷത്ത് ഒരു പ്രാദേശിക പ്രാമാണ്യത്തിലാണ് നിർവ്വഹിക്കപ്പെട്ടതെന്നു ആർക്കും തോന്നിപ്പോകും. സാഹിത്യത്തിലല്ല, രാഷ്ട്രത്തിലും ഇങ്ങിനെ ഒരൊച്ചപ്പാടു കേൾക്കാനുണ്ട്. ഇങ്ങിനെയുള്ള നിലപാടിനെ സൃഷ്ടിക്കുന്നവർ സ്വതന്ത്ര ഭാരതത്തെ അസുന്ദരവും അശക്തവും ആക്കിത്തീർക്കുകയാണ്.

സാഹിത്യത്തിൽ സിംബലി (Symbol) ന്റെ കാററും കടന്നുകൂടി! സാധാരണ വായനക്കാർക്കു ദുർഗ്രഹമായിത്തീരുന്നുവെന്ന് അവരോട് അനുഭാവമുള്ള അനുഭവസ്ഥനായ കെ. ദാമോദരൻ അഭിപ്രായപ്പെട്ടതും അങ്ങിനെ തടയുവാൻ അഭ്യർത്ഥിക്കയും ചെയ്തത് ഇന്നത്തെ സാഹിത്യരാഷ്ട്രനേതാക്കന്മാരിൽ ഒരു പ്രമാണിയായ 'ജി.' അദ്ധ്യക്ഷപ്രസംഗത്തിൽ രൂക്ഷമായി വീക്ഷിച്ചതാണ് മറെറാരു പ്രധാന സംഭവമായി സാഹിത്യപ്രേമികൾ കണക്കാക്കുന്നത്.

അപ്രസ്തുത പ്രശംസ, രൂപകാതിശയോക്തി; സമാസോക്തി, പര്യായോക്തം, മുതലായ അലങ്കാര പ്രയോഗ ഭംഗികളിലും, ലാക്ഷണികമായി അർത്ഥസിദ്ധി ഉണ്ടാകുന്ന ചില ഉക്തി വൈചിത്ര്യങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന പ്രതിപാദന സൌഭാഗ്യത്തെ 'സിംബ'ലെന്ന പേരിൽ കുത്തിപ്പൊക്കുന്നതുകൊണ്ട് എന്തൊരു മാഹാത്മ്യമാണുള്ളതാവോ? രസഭാവധ്വനികൾക്ക് ഉൽക്കർഷം വരുത്തുന്ന വചോവൈചിത്ര്യങ്ങളെ പല പ്രകാരത്തിലും പരിശോധിച്ച് പരീക്ഷിച്ചറിഞ്ഞ സഹൃദയ സാമ്രാട്ടുകളായ ഭാരത പൂർവ്വാചാര്യന്മാരുടെ സാഹിത്യസൌന്ദര്യബോധത്തിനു ക്ഷുദ്രമായ വേഷപ്പകർച്ച കൊടുക്കുന്നതു സാഹസം മാത്രമാണെന്നുള്ള ഞങ്ങളുടെ അഭിപ്രായത്തെ യാഥാസ്ഥികമായി ചില നൂതന പ്രസ്ഥാനസ്ഥാപന വ്യഗ്രന്മാർ കണ്ടേയ്ക്കുമെങ്കിലും യാഥാർത്ഥ്യം കഴിവുള്ളവർ കരളിൽ തട്ടി ഒന്നാലോചിച്ചുനോക്കണ്ടേ!

ഗീതം, ഗീതകം മുതലായ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിനും അഭാവത്തിനും നമ്മുടെ സാഹിത്യത്തിൽ വളരെ കാലം വേണ്ടിവന്നില്ല. സിംബലിന്റെ കഥയും അതിൽനിന്നും വളരെ വ്യത്യസ്തമാകുമെന്നു തോന്നുന്നില്ല. വല്ല ഭേദവും പറഞ്ഞു വല്ലതുമെഴുതിപ്പുകഴ്ത്തിയും പുകഴ്ത്തിച്ചും കൊമ്പനാവാൻ സിംബലിനു തല്ക്കാലം പററമായിരിക്കും. അമ്പ! സിംബലേ! നീയൊന്നു സിമ്പിൾ (Simple) ആയെങ്കിൽ! ഇല്ലെങ്കിൽ കളരിയിൽ പയററു തുടങ്ങിയാൽ തല പോകും കിട്ടാ!

അഞ്ചു കൊല്ലത്തിനുള്ളിൽ പുറത്തായ ഭാരത ഭാഷകളിലുള്ള ഏററവും ഉൽകൃഷ്ട കൃതിയ്ക്കു ഒരു സമ്മാനം നല്കാനായി കേന്ദ്ര ഗവമ്മേണ്ടു നിശ്ചയിക്കയാണെങ്കിൽ, മലയാളത്തിനു ചെറുകഥാമത്സരത്തിനുണ്ടായ അനുഭവം തന്നെയല്ലേ ഉണ്ടാവുക എന്നു ഞങ്ങൾ ശങ്കിക്കുന്നു. അഹോ! കവനകല കളിക്കുന്ന കമനീയമായ പ്രകൃതിവിലാസവും ഐശ്വര്യവുമുള്ള മലയാളത്തിന് അങ്ങിനെയൊരു നില ഇനി ഉണ്ടാകാതിരിക്കണം. യഥാർഹം എല്ലാവർക്കും സമുചിതവും സമുദായസാധകവുമായ പ്രോത്സാഹനം സാഹിത്യത്തിലെങ്കിലും സിദ്ധിക്കുമാറാകട്ടെ!

പറയനായ പാക്കനാരിൽ നിന്നു വേദാന്ത തത്വങ്ങൾ മനസ്സിലാക്കിയ മറയോരുള്ള മലനാട്ടിലെ തമ്പുരാക്കന്മാർ ശ്രീ. കേശവദേവിന്റെ പ്രസംഗത്തിൽ അന്തർഭവിച്ചു കിടക്കുന്ന തത്വങ്ങളും ഒന്നാലോചനയ്ക്കു വിഷയമാക്കേണ്ടതാണെന്നു ഞങ്ങൾക്കു തോന്നി.

പരിഷത്തിൽ കവിത വായിച്ച ഒരു വടക്കൻ കവിയോടുള്ള പെരുമാററം പയററിപ്പരിചയമുള്ള അദ്ദേഹത്തോടു പയററിയില്ല എന്നൊരു വിശേഷവും കേട്ടു

സാഹിത്യപുരോഗതിക്കു മാത്രമല്ല, സാമൂഹ്യലൌകിക പുരോഗതിക്കു തന്നെയുള്ള പല മാർഗ്ഗങ്ങളും കളരി വഴിയെ നിർദ്ദേശിക്കുന്നതാണ്. സ്നേഹപൂർവ്വമായ ഖണ്ഡനമണ്ഡനങ്ങളെ സാദരം സ്വാഗതം ചെയ്യുന്നതുമാകുന്നു.

# കളരി അഭ്യാസം. അനുപേക്ഷണീയമാകുന്നു.

—————x—————

ഇന്ത്യയുടെ പ്രാചീനമായ സ്ഥിതിയെപ്പററി പര്യാലോചിക്കുമ്പോൾ വളരെ കാലം നിലനിന്നു പോന്നിട്ടുള്ളതും, സൈനിക പരിശീലനം എന്ന നിലയിൽ അനുപേക്ഷണീയമായിരുന്നതും, ശ്രേഷ്ഠങ്ങളായ മററു ഇതര കലകളിൽ ഒട്ടും അപ്രധാനമല്ലാത്തതും, ശരീരാരോഗ്യസമ്പാദനത്തിനു് സർവ്വഥാ അഭികാമ്യവുമായ ഒന്നാണ് കളരി അഭ്യാസം. ഇന്നത്തെ ആരോഗ്യസംവർദ്ധകങ്ങളായ മാർഗ്ഗങ്ങളെപ്പററി പര്യാലോചിക്കുമ്പോൾ കളരി അഭ്യാസങ്ങളോട് തുലനം ചെയ്യാവുന്ന മറെറാന്നു് ഈ ഭാരതത്തിൽ ഇതേവരെ ഉണ്ടായിട്ടില്ല എന്നു് ശിരഃകമ്പംസമ്മതിക്കേണ്ടിവരും. ആരോഗ്യം മാത്രമല്ല, ശത്രുക്കളെ നേരിടുവാനും സർവ്വോപരി ആത്മരക്ഷക്കും ഈ കളരി അഭ്യാസം അനുപേക്ഷണീയമാകുന്നു.



മെയ്യിറക്കം:—

കളരി അഭ്യാസത്തിന്റെ പ്രാരംഭത്തിൽ പരിശീലിപ്പിക്കുന്ന ഒന്നാണ് ഈ മെയ്യിറക്കം. മാംസപേശികളെക്കൊണ്ടു് അവ അഹിക്കുന്ന വിധം പ്രവർത്തിപ്പിക്കുക, ശരീരഘടനയിൽ അതുല്യമായ ഒരു പരിവർത്തനം വരുത്തുക ഇവ മെയ്യിറക്കംകൊണ്ടു സാധിക്കുന്നു. പുറമെനിന്നും ബാധിക്കാവുന്ന തല്ല്, വെട്ട്, കുത്ത്, എന്നിവയെ ശരീരത്തിന്റെ സ്വാധീനതകൊണ്ടുമാത്രം വേണ്ടും വിധം ഒഴിവാക്കുവാൻ ഇതുപകരിക്കുന്നു. കളരി അഭ്യാസമുറകളിൽ ഇതു് ശൈശവപാഠമാണെങ്കിൽത്തന്നെയും അതിന്റെ ആവശ്യകതയെ മുൻനിർത്തി പരിശോധിക്കുമ്പോൾ പ്രഥമവും പ്രധാനവുമായ ഒരു സ്ഥാനം കല്പിച്ചുകൊടുക്കേണ്ടതായി വരും. ഈ പരിശീലനം പല രൂപ

ത്തിലും പല രീതിയിലും പലയിടങ്ങളിൽ നിർവ്വഹിക്കുന്നുണ്ട്. ഇതിനെ സാമാന്യേന മൂന്നായി വിഭജിക്കാം.

1. ശരീരത്തിലുള്ള എല്ലാ മാംസപേശികളേയും പരിപുഷ്ടമാക്കിത്തീർക്കുന്നവ.

2. കാലുകൾക്ക് മാത്രം വ്യായാമവും ദൃഢതയും നൽകുന്നവ.

3. അടിക്കുക, ഇടിക്കുക, കുത്തുക, വളയുക, തിരിയുക, ചാടുക മുതലായ കാര്യങ്ങൾ ആയുധങ്ങളെക്കൊണ്ടുപകരിക്കുന്നതുപോലെ കരചരണങ്ങളെക്കൊണ്ടു മാത്രം നിർവ്വഹിക്കാവുന്ന ഈ മൂന്നാമത്തേതിന്നു വെട്ടം തഞ്ചം എന്ന പേർ വിളിക്കണം. ഇതു് ആത്മരക്ഷക്ക് ഏററവും ഉപയുക്തമായ ഒരു അടവും കൂടിയാണ്.

കെട്ടുകാരി:—

ചൊട്ടച്ചാൺ എന്ന ആയുധം ഇതിന്നുപയോഗിക്കുന്നു. ഇതുകൊണ്ടു് ഇന്നു് 12 വിധം അഭ്യാസങ്ങൾ ചെയ്തു വരുന്നു. കുന്തപ്പയററിന്റെ പ്രാരംഭം ഇതിൽ ഉൾപ്പെടുന്നതാണ്.




# അറിയിപ്പ്

## വെള്ളായ്ക്കൽഗോവിന്ദമേനോന്റെ കൃതികൾ

| | | | | |
|---|---|---|---|---|
| 1. | സാഹിത്യവിനോദം | i | .... | 0-12-0 |
| 2. | ടി | ii | .... | 0-12-0 |
| 3. | ടി | iii | .... | 0-12-0 |
| 4. | ടി | iv | .... | 0-12-0 |
| 5. | സാഹിതീകടാക്ഷം | | .... | 1-0-0 |
| 6. | വഴിവക്കത്തെ മാവ് | | .... | 0-8-0 |
| 7. | ഭാഗ്യം (കവിത—ഒരു പ്രണയകഥ) | | | 1-0-0 |

(അച്ചടിയിൽ)

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

വെള്ളായ്ക്കൽ ഗോവിന്ദമേനോൻ,
വിയ്യൂർ P. O.
Via തൃശ്ശൂർ, T. C. State


ചെറവടി:— (മുച്ചാൺ)

അടിക്കുവാനുള്ള വേഗത ഇതുകൊണ്ടു് അഭ്യസിക്കാവുന്നതാണ്. ഒരു മിനിററിൽ നൂറു് അടിയിൽപരം അടിക്കുവാൻ സാധിക്കുന്ന ഈ അഭ്യാസം മററഭ്യാസമുറകളെപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്നു.

ഗദ:—

ഇന്നു ലുപ്തപ്രചാരമാണെങ്കിലും കളരി അഭ്യാസമുറകളിൽ ശ്രേഷ്ഠമായ ഒന്നാണ് ഗദ പയററ്. മാംസപേശികളുടെ ദൃഢതക്കും ഇതിൽ കവിഞ്ഞു് മറെറാന്നില്ല. പുരാണകഥകളിൽ ഭീമനും ദുര്യോധനനും ഗദായുദ്ധം ചെയ്തിരുന്നതായി നാം അറിയുന്നു. അതുകൊണ്ടു് അതിവീരന്മാർ മാത്രം കൈകാര്യം ചെയ്തിരുന്ന ഒന്നാണ് ഗദായുദ്ധം.

ഒററ:—

പതിനെട്ടു മുതൽ ഇരുപതു് ഇഞ്ചു വരെ നീളമുള്ള വളഞ്ഞ ഒരായുധമാണിതു്. വെട്ടുവാനും കുത്തുവാനും ഇതുപയോഗിക്കുന്നു. അഭ്യാസികൾ 107 കുലമർമ്മങ്ങളിൽ ഇതുപയോഗിക്കുന്നു.



കുന്തം:—

പുരാതന യുദ്ധങ്ങളിൽ മാത്രമേ ഇതു ഉപയോഗിച്ചിരുന്നുള്ളു. കെട്ടുക്കാരികൾക്കുള്ള അഭ്യാസം കുന്തപ്പയററ പഠിക്കുന്നതിന് ഉപയുക്തമാകുന്നു.

കഠാരി:—

ഒന്നുമുതൽ ഒന്നരടിയോളം ദീർഘവും ഇരുഭാഗവും മൂർച്ചയുള്ളതുമായ ഒരായുധമാണ് കഠാരി. ഇതുകൊണ്ട് പതിനെട്ടുവിധം അഭ്യാസങ്ങൾ ചെയ്തുവരുന്നു.

കത്തി:—

കഠാരിയോട്ട് എതിരിടാൻ ഇതുപയോഗിക്കുന്നു.



പുലിയങ്കം :—

ഇതിന്നു് വാൾ ഉപയുക്തമാകുന്നു.

കുന്തവാൾ :—

കുന്തവാൾ ഉറുമി മുതലായ ആയുധങ്ങളും ഈ വിഭാഗത്തിൽ പ്രശസ്തങ്ങളാണ്. മൂന്നു മുതൽ 4 അടിവരെ നീളമുള്ളതും ഇരുതലക്കും മൂർച്ചയുള്ളതും നിശിതവുമായ ആ ആയുധം പരിചയമില്ലാത്തവർക്കു പോലും അശക്യമാണ്.



മുഷ്ടിയുദ്ധം:

ആയുധങ്ങളില്ലാതെ ഈ അഭ്യാസത്തിന്റെ പരിശീലനംകൊണ്ട് എല്ലാവിധ ആയുധ പ്രയോഗങ്ങളേയും തടുക്കാവുന്നതാണ്.

*A. V. S.*

തികഞ്ഞ പാണ്ഡിത്യം, ശാസ്ത്രീയ നിരൂപണവൈദഗ്ദ്ധ്യം, ചരിത്രഗവേഷണത്തിൽ വിശാലമായ നിരീക്ഷണ വൈശിഷ്ട്യം, നിസ്വാർത്ഥമായ സേവന തൽപരത എന്നിങ്ങനെ മഹത്തുക്കളിൽ മാത്രം അപൂർവ്വം അനുഭവപ്പെടാറുള്ള ഗുണവിശേഷങ്ങൾ ഒന്നായി ചേർന്നു വിജയിക്കുന്ന ഒരു വ്യക്തിയെ നിങ്ങൾക്കു കാണണമെങ്കിൽ ഇതാ—തിരുവനന്തപുരം യൂണിവേഴ്സിററി ഗ്രന്ഥാലയം ഡയറക്ടറും, മലയാളം ലെക്സിക്കൻ എഡിററുമായ **ശൂരനാട്ടു കുഞ്ഞൻപിള്ള** ഇദ്ദേഹം പ്രധാന മന്ത്രി പട്ടം താണുപിള്ളക്കു പുരാതനങ്ങളും അപൂർവ്വങ്ങളുമായ ഗ്രന്ഥങ്ങൾ കാണിച്ചു വിവരങ്ങൾ ധരിപ്പിക്കുകയാണ്.



# വിജ്ഞാപനം

മാസികയ്ക്കുള്ള ലേഖനങ്ങൾ കടലാസിൻെറ ഒരു പുറത്തു മാത്രം വ്യക്തമായി എഴുതേണ്ടതാണ് കഴിയുന്നതും കാര്യമാത്രപ്രസക്തവും അതിദീർഘങ്ങളാകാതെയും സൂക്ഷിക്കണം.

*   *   *   *

അഭിപ്രായത്തിന്നു അയക്കുന്ന പുസ്തകങ്ങൾ ഈരണ്ടു കോപ്പികൾ വീതം അയച്ചുതരേണ്ടതാകുന്നു.

*   *   *   *

ഓഫീസിൽനിന്നും മാസികയുടെ പ്രചരണത്തിന്നുവേണ്ടി മാസികയിൽ വരിക്കാരെ ചേർക്കുവാൻ പല ഏജൻറമാരെയും നിയമിച്ചിരുന്നു. എന്നാൽ അവരിൽ ചില ഏജൻറമാർ രസീററു ബുക്കൊ, പണമൊ, വരിക്കാരെ ചേർത്തിയതായ റിപ്പോർട്ടോ തന്നിട്ടില്ല. അതുകൊണ്ടു അപ്രകാരം ആരെങ്കിലും ചേർത്തി പണം കൊടുത്തുപോയിട്ടുണ്ടെങ്കിൽ അവർ തങ്ങളുടെ വിലാസം എഴുതി ഒരു കാർഡ് കഴിയുന്ന വേഗത്തിൽ ഓഫീസിലേക്കു അയക്കേണ്ടതാണ്. അങ്ങിനെ അയക്കുന്ന വിലാസക്കാർക്ക് ഇവിടെനിന്നും നേരിട്ടു കോപ്പികൾ അയക്കുന്നതായിരിക്കും. മേലാൽ കളരിയിൽ വരിക്കാരായി ചേരുന്നവർ "കളരി"യുടെ ഏജൻറമാരിൽനിന്നും അല്ലെങ്കിൽ കളരി ഓഫീസിൽനിന്നുനേരിട്ടു "കലാകേന്ദ്രം കമ്പനി ലിമിററഡ്" എന്ന പേരിൽ സീൽവെച്ചിട്ടുള്ള റസീററ് വാങ്ങിക്കേണ്ടതാണ്. കലാകേന്ദ്രം കമ്പനി ലിമിററഡ് ചെയ്യുകയും "കളരി" കലാകേന്ദ്രത്തിൻെറ പ്രാതിനിദ്ധ്യത്തിൽ നടത്തുകയും ചെയ്യുന്നതുകൊണ്ട് മേലാൽ പഴയ റസീററുകൾ സാധുവാകുന്നതല്ല.

*   *   *   *

എല്ലാവരുടേയും ലേഖനങ്ങളും കവിതകളും ഒരേ സമയത്തു പ്രസിദ്ധീകരിക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ടു ലേഖകന്മാർ വളരെ നേരത്തെ തങ്ങളുടെ ലേഖനങ്ങൾ അയച്ചുതരേണ്ടതാണ്. കാരണവശാൽ പ്രസിദ്ധീകരിക്കുവാൻ അല്പം വൈകിപ്പോയാൽ അതിൽ പരിഭവിക്കാതിരിപ്പാനും അപേക്ഷയുണ്ട്.

*   *   *   *

മാസികകൾ പലക്കും സമയത്തിന്നു കിട്ടുന്നില്ല എന്ന പരാതി കേൾക്കുന്നുണ്ട്. ആ വിഷയത്തെപ്പററി ഞങ്ങൾ പോസ്റ്റൽ അധികൃതന്മാരെ അറിയിക്കുന്നുണ്ട്.

# MEMORANDUM OF ASSOCIATION

OF

# Kalakendram Company, Limited.

---

1. The name of the Company is KALAKENDRAM COMPANY, LIMITED.

2. The registered office of the company will be situated in Travancore-Cochin State.

3. The objects for which the company is established are :-.

(a) To rejuvenate, reorganise, develop and establish on firm lines the art science, techniques, culture, physical exercice, movements, drill etc., connected with or related to or that may have some affinity to the ancient school of Kerala known as 'KALARI'.

(b) To establish 'KALARIES' in different parts of Kerala and in other States of India to educate people in the art, science and techniques of 'KALARI' and to make known its utility by such means as the directors may from time to time deem fit and to restore it to its ancient status of glory.

(c) To conduct research in Indian Sastras or Science by establishing research institutions particularly for the promotion and development of Sastras such as 'Ayurveda, Dhanurveda, Astrology, Astronomy and surgery'; to establish educational institutions for imparting practical knowledge of these sciences and to train up youngsters to become 'Acharyas' competent to preach, expound and handle any complex problem connected with any of the Sastras as aforesaid.

(d) To open, conduct, run, manage and maintain on up-to-date scientific lines Ayurvedic Nursing Homes for treating patients

and specially for conducting 'Dhara' 'Navarakizhi', 'Pizhichal', 'Pichu', 'Vasthi', 'Snehapaanam' and other Ayurvedic treatments.

(e) To conduct Anglo-Ayurvedic Pharmacies and to carry on business of Ayurvedic and allopathic chemists, druggists, importers manufacturers and dealers in pharmaceutical, medicinal, chemical and other preparations particularly Ghrithams, oils, drugs, pills, thailams, essences, essential oils, cosmetics, perfumes, toilet requisites, disinfectants, antiseptics, restoratives and requisites for invalids, convalescents and as exporters of and as dealers in all kinds of Ayurvedic and allopathic preparations wholesale or retail.

(f) To establish a garden for the cultivation of Ayurvedic medicinal plants, herbs, trees, shrubs, creepers and other drugs used in the preparation of Ayurvedic medicines of every description.

(g) To start, conduct and manage the publication of magazines, papers, pamphlets, leaflets, notices, circulars, etc., for the diffusion of useful knowledge having educational value on various subjects of general interest particularly to those sciences as aforesaid.

(h) To start a printing press and to carry on the business of printers and publishers particularly for the purpose of printing and publishing ancient palm leaf manuscripts hitherto unearthed, unprinted and unpublished.

(i) To build and establish workshop, repairshops, godowns and factories, to install modern equipments and to make tools, implements instruments and other materials for the purpose of the business of the company.

(j) To act as commission agents, representatives and as general or special agents for any person or corporation either in India or abroad.

(k) To acquire the whole or any part of the business, property and undertaking of any person or company carrying on any business which the company is authorised to carry on, or possessed of property suitable for the purposes of this company

(l) To apply for, purchase, or otherwise, acquire any patents, brevets, invention, concessions, and the like, conferring exclusive or non-exclusive or limited right to use, or any secret or other information as to any invention which may seem capable

of being used for any of the purposes of the company other acquistion of which may seem calculated directly or indirectly to benefit the company, and to use, exercise, develop or grant licences in respect of or otherwise turn to account the property, rights or information so acquired.

(m) To enter into any arrangements with any Government or authorities, Municipal, local or otherwise, that may seem conducive to the Company's objects or any of them and to obtain from any such Government or authority, any rights, priviliges, and concessions which the company may think it desirable to obtain, and to carry out, exercise and comply with any such arrangements, rights, privileges and concessions.

(n) To purchase, take on lease or in exchange, hire, or otherwise acquire any real and personal property and any rights or privileges which the company may think necessary or convenient for the purposes of its business and in particular any land, forests, easements and machinery, plant and stock-in-trade.

(o) To undertake and to carry into effect or manage or jointly with others financial, commercial, trading or manufacturing operations, or businesses and to carry on the business of agency in all its branches as the directors think fit.

(p) To invest and deal with the money of the company not immediately required in such manner as may from time to time be determined.

(q) To lend money to such persons or companies and on such terms as may seem expedient, and in particular to customers and others having dealings with the company and to guarantee the performance of contracts by any such persons or companies.

(r) To borrow or raise or secure the payment of money in such manner as the company shall think fit and in particular by the issue of debentures, perpetual or otherwise, charged upon all or any of the company's property both present and future including its uncalled capital and to purchase, redeem or pay off any such securities.

(s) To remunerate any person or company for services rendered, or to be rendered in placing or assisting to place or guaran-

teing the placing of any of the shares in the company's capital or any debentures, debenture stock or other securities of the company or in or about the formation or promotion of the company or the conduct of its business.

(t) To draw, make, accept, endorse, negotiate, discount, execute and issue promissory notes, bills of exchange, bills of lading, warrants, debentures and any other negotiable or transferable instruments.

(u) To sell or dispose of the undertaking of the company or any part thereof for such consideration as the company may think fit and in particular for shares, debentures or securities of any other company having objects altogether or in part similar to those of this company.

(v) To sell, improve, manage, develop, exchange, lease, mortgage, enfranchise, dispose of, or turn to account or otherwise deal with all or any of the property and rights of the company.

(w) To do all or any of the above things in any part of the world as principals, agents, contractors, trustees or otherwise and by or through trustees, agents or otherwise and either alone or in conjunction with others.

(x) To start and conduct kuries or chitties in accordance with the provisions of the law for the time being in force in that behalf and to lend money on the security of kuri pass books or otherwise as the directors think fit.

4. The liability of the members is limited.

5. The share capital of the company is Rs. 50,000/- divided into 500 shares of Rs. 100/- each.

We, the several persons whose names and addresses are subscribed are desirous of being formed into a company, in pursuance of this Memorandum of Association, and we respectively agree to take the number of shares set opposite our respective names.

| Names, addresses and descriptions of subscribers. | Number of shares taken by each subscriber. | Signature. |
|---|---|---|
| 1. Avanangattu Kalarickal Subramonia Panicker, Editor: The Kalari, S/o Velayudhan Panicker, Peringottukara Kizhakkum Muri Village, Trichur Taluk. | Five | Signed |
| 2. Kannamkulath Kalarikkal Damodara Panicker, Astrologer, S/o Rama Panicker, Arattupuzha Village, Trichur Taluk. | Five | " |
| 3. Marathakara Kalarikkal Damodara Kurup, Vaidyar, S/o Velukutty Panicker, Mutti-chur Padiyam Village, Trichur Taluk. | Five | " |
| 4. Anjooru Kalarikkal Kumaran Panicker, Astrologer S/o Kunjimon Panicker, Anjoor Village, Thalappally Taluk. | Five | " |
| 5. Avanangattu Kalarikkal Unnikrishnan Panicker, Land-lord, S/o Ramanunny Panicker, Peringottu Kizhakkum Muri Village, Trichur Taluk. | Five | " |
| 6. Kannanchira Kizhakkeppattu Kalarikkal Kunjunni Panicker, Clerk, S/o Nottunni Panicker, Kandanassery Village, Trichur Taluk. | One | " |
| 7. Kolazhi Kalarikkal Kumarakrishna Panicker, Clerk, S/o Velappa Panicker, Kolazhi Village, Trichur Taluk. | One | " |

Dated this the 22nd day of November 1954.

**Witness to the above signatures:**

1. Kolazhi Kalarikkal Prabhakara Panicker, Farmer, S/o Kunjikrishna Panicker, Kolazhi Village, Trichur Taluk. — Signed

2. Kaladi Kalarikkal Prabhakara Panicker, Astrologer, S/o Kochappa Panicker, Kizhakkum Muri Village, Trichur Taluk. — "

# ARTICLES OF ASSOCIATION

OF

# Kalakendram Company, Limited.

## PRELIMINARY

1. Subject as hereinafter provided, the regulations contained in Table A in the first Schedule to the Indian Companies Act, 1913 (hereinafter referred to as Table A) shall apply to the company.

2. Clauses 2, 5, 9, 31, to 40, 51, 53, 54, 60, 68, 69, 70, 72, 76, 87, 88 and 90 of Table A shall not apply to the company, but the Articles hereinafter contained and the remainaing clauses of Table A subject to any statutory modifications and to the modifications hereinafter affected shall constitute the regulations of the company.

3. The minimum subscription on which the directors may proceed to allotment shall be Rs. 2,500/-

## SHARES AND SHARE CAPITAL

4. The share capital of the company shall be Rs. 50,000/- divided into 500 shares of Rs. 100/- each.

5. The amount payable on application on each share shall be Rs. 100/- the full value of a share.

6. The shares shall be under the control of the directors who may allot or otherwise dispose of the same to such persons on such terms and conditions, and either at a premium or at par or, subject to the provisions of the Act, at a discount and at such times, as the directors think fit.

7. The company may exercise all or any of the powers mentioned in Sections 50, 55 and 105.B of the Indian Companies Act, 1913.

8. The company may pay a commission in cash or in fully or partly paid shares to any person in consideration of his subscribing or agreing to subscribe, whether absolutely or conditionaly for any shares in the company or procuring or agreing to procure subscriptions whether absolute or conditional for any shares or debentures in the company

at any rate not exceeding $2\frac{1}{2}\%$ of the price at which such shares or debentures are issued.

9. The company shall be entitled to treat the registered holder of any share as the absolute owner thereof and accordingly shall not be bound to recognise any equitable, contingent, future or partial interest in any share, or any other right in respect of a share than an absolute right thereto in accordance with these presents in the person from time to time registered as the holder thereof.

10. The company shall have a first and paramount lien on all the shares registered in the name of a member or held by a person by transmission (whether solely or jointly with others) for all moneys due to the company from him or his estate whether alone or jointly with any other person whether a member or not and whether such moneys are presently payable or not. The company's lien on shares shall also extend to all dividends payable thereon.

11. The share certificate to be issued under regulation 6 of Table A shall be signed by the Managing Director and one of other directors. The common seal shall be affixed to such certificates by the Managing Director.

## GENERAL MEETINGS.

12. The statutory meeting shall be held within a period not less than one month nor more than six months from the date at which the Company is entitled to commence business.

13. The first ordinary general meeting shall be held within eighteen months after incorporation and thereafter once at least in every year, but not more than 15 months from the date of the last preceding General Meeting.

14. Fourteen days' notice at least shall be given of every general meeting (ordinary or extra-ordinary) by whomsoever convened, specifying the day, place and hour of the meeting and the object and business of the meeting, and such notice shall be sent by post to the registered address of every shareholder or delivered to them in person.

15. Notice for every general meeting whether ordinary or extra-ordinary shall be signed by the Managing Director or by such officer of the Company as the directors may in that behalf appoint.

16. The accidental omission to give notice of any meeting to or the non-receipt of any such notice by any of the members shall not invalidate any resolution passed at any such meeting.

## PROCEEDINGS AT GENERAL MEETINGS.

17. The business of an ordinary meeting shall be to receive and consider the profit and loss account, the balance-sheet and the reports of

the directors and auditors, to elect directors in the place of those retiring by rotation, to appoint auditors and to declare dividends and to transact any other business which under these presents ought to be transacted at any ordinary meeting.

18. All business transacted at an ordinary meeting, other than business which under these presents ought to be transacted at an ordinary meeting, and all businesses transacted at an extra-ordinary meeting, shall be deemed special.

19. Five members present in person shall be a quorum for a general meeting and no business shall be transacted at any such meeting unless such quorm is present.

20. There shall be a chairman of the Board of Directors who shall preside at all general meetings; if the chairman is not present within half an hour from the time appointed for the meeting, the members present may elect one among them to be the chairman.

21. Every question submitted to a meeting shall be decided in the first instance, by a show of hands, and in the case of an equality of votes the chairman shall, both on a show of hands and on a poll, have a casting vote in addition to the vote or votes to which he may be entitled as a member.

22. At any general meeting a resolution put to the vote of the meeting shall be decided on a show of hands, unless a poll is (before or on the declaration of the result of the show of hands) demanded in accordance with the provisions of clause (c) of sub-section (1) of section 79 of the Indirn Companies Act, 1913, and unless a poll is so demanded, a declaration by the chairman that a resolution has, on a show of hands, been carried, or carried unanimously, or by a particular majority, or lost, and an entry to that effect in the book of the proceedings of the company shall be conclusive evidence of the fact, without proof of the number or proportion of the votes recorded in favour of, or against, that resolution.

23. No poll shall be demanded on the election of a chairman or on the adjournment of the business of the meeting by the chairman. In other cases, if a poll is duly demanded, the same shall be taken in such manner and at such time and place as the chairman of the meeting shall direct and whether at once or after an interval or adjournment or otherwise and the result of the poll shall be deemed to be the resolution of the meeting at which the poll was demanded.

24. The demand for a poll shall not prevent the continuance of the meeting for the transaction of any business other than the question on which the poll has been demanded. The demand for a poll may be withdrawn at any time before it is actually taken.

## VOTES OF MEMBERS.

25. Votes may be given either personally or by proxy. No person other than a member shall be appointed as a proxy.

26. On a show of hands every member present in person or by proxy shall have one vote and on a poll, every such member shall be entitled to one vote for every share held by him.

27. The instrument appointing a proxy shall be in the form given in Table A to the Companies Act or in any form approved by the Board of Directors and shall be deposited at the Registered Office of the company at least 72 hours before the time appointed for the meeting.

## DIRECTORS.

28. The number of Directors shall be not less than three, nor more than seven.

29. The qualification of a Director shall be the holding, in his own name, of at least 5 shares in the Capital of the Company.

30. Every Director shall be paid for attendance at Board meetings such sitting fee as may from time to time be fixed by the Board; but the amount so fixed shall not exceed Rs. 10/- for each sitting.

31. If any Director be called upon to perform extra duties in connectio with the business of the company, or to undertake any additional work in the company other than that which is usually required of directors of a company similar to this, he shall be paid such travelling and other allowances as the Directors shall deem fit.

32. The first Directors shall be:—

1. SUBRAHMANYA PANIKKAR, Peringottukara.
2. K. R. DAMODARAN PANIKKAR, Arattupuzha.
3. M. DAMODARAN KURUP, Muttichur.
4. A. K. KUMARA PANIKKAR, Cheruwathani.
5. A. R. UNNYKRISHNAN PANIKKAR, Peringottukara.

## POWERS AND DUTIES OF DIRECTORS.

33. Without prejudice to the general powers conferned by Regulation 71 of Table A and to the other powers conferred by these presents, the following powers and authorities are expressly given to and conferned upon the Directors:—

a) To pay the preliminary expenses incurred in the promotion and registration of the company.

b) To purchase, take on lease or otherwise acquire for the Company and or to sell any property, rights, or privileges which the Company is authorised to acquire at such price, and generally on such terms and conditions, as they think fit.

(c) To secure the fulfilment of any contracts or engagements entered into by the Company by mortgage or charge of all or any of the property of the Company for the time being or in such other manner as they may think fit.

(d) To authorise or empower the Managing Director or other officers for the time being of the company to exercise and perform all or any of the powers, authorities and duties conferred or imposed upon the directors by the Memorandum or Articles of Association subject to such restrictions and conditions, if any, as the Board may think proper and to fix their salary or other remuneration including bonus

(e) To institute, conduct, defend, compound or abandon any legal proceedings by or against the company or its officers, or otherwise concerning the affairs of the company and also to compound and allow time for payment or satisfaction of any debts due and of any claims or demands by or against the company.

(f) To open 'KALARIES' in such places in Travancore-Cochin State and elsewhere in India as the directors deem necessary and to arrange for their equipments and proper management.

(g) To depute Acharyas trained by the company in the art of ancient KALARI and Sastras to different parts of India to preach and exhibit their skill and to fix their salary or other remunerations including bonus.

(h) To institute provident and other funds for the benefit of employees, labourers and workmen and, from time to time make, vary and repeal bye-laws for the proper maintenance and management of and payment from the said funds.

## PROCEEDINGS OF DIRECTORS

34. The directors may meet together for the despatch of business adjourn and otherwice regulate their meetings and proceedings as they may think fit.

35. Until otherwise determined, four directors shall form a quorum.

36. The Managing Director, may at any time, and he shall, upon the request of the chairman of the Board of Directors or of two Directors, convene a meeting of the directors.

37. Questions arising at any meeting shall be decided by a majority of votes and in case of an equality of votes the chirman shall have a second or casting vote.

38. The directors shall appoint one from among themselves as chirman of the Board of Directors. The chirman or in his absence, one of the directors elected for that purpose by the directors present shall preside at the meetings of the Board.

39. A meeting of the directors for the time being at which a quorum is present shall be competent to exercise all or any of the authorities and powers vested in or exercised by the directors generally.

40. A resolution in writting circulated among all the directors and signed by a majority of the directors shall be as valid and effectual as if it had been passed at a meeting of the directors duly called and constituted.

## MANAGEMENT.

41. The business of the Company shall be carried on by the Managing Director appointed under these presents, subject to the supervision on control of the Directors.

42. Sri A. V. S. Panicker, one of the directors of the company who is well versed in the art of KALARI and in the technical and scientific section of the company's business is hereby appointed as the first Managing Director. He shall continue in office for a period of five years from the date of incorporation of the company, and while holding office as such, the provisions of Regulation 78 of Table A as to retirement of Directors in rotation shall not be binding on him.

43. The Managing Director appointed under the foregoing clause shall not be entitled to any remuneration. His appointment shall be honorary.

44. On the expiry of the first five years Sri. A. V. S. Panicker shall cease to be the Managing Director and thereafter, the Directors may either re-elect him or appoint anyone among them as the Managing Director as honorary and may determine the period for which he is to hold office as such.

45. The Managing Director shall have power to engage or dismiss managers, clerks, technicians, labourers, servants or other persons employed in the business of the company and for the control, supervision and direction of the company's business, particularly the technical and scientific section thereof, and to do all acts, matters and things deemed necessary, proper and expedient for carrying on the business efficiently, Subject to the approval of the Directors, he shall have power to make investments of

the company's funds in such manner as may be determined by the directors to operate Bank Accounts and to make and sign all contracts, and to draw, sign, accept, endorse and negotiate on behalf of the company all bills of exchange, cheques, promissory notes, Government securities and other negotiable instruments.

46. The Managing Director shall represent the company in all legal and other proceedings by or against the company.

## BORROWING POWERS.

47. The Directors may from time to time at their discretion borrow and secure the payment of any sum or sums of money for the purpose of the company.

48. The Directors may secure the payment of such moneys in such manner and upon such terms and conditions in all respects as they think fit and in particular, by the issue of debentures of the company charged upon all or any part of the property of the company (both present and future including its uncalled capital for the time being).

## SEAL

49. The Directors shall provide for a common seal for the company and or its safe custody under such regulations as they may prescribe. Except as hereinbefore otherwise provided, the seal shall not be used without the authority of a resolution of the Board of Directors.

## ACCOUNTS

50. The profit and loss accounts, balance sheets and the report prepared and published or laid before the company in general meeting by the Directors shall be in accordance with the relevant provisions of the Indian Companies Act, 1913, or any statutory modification thereof for the time being in force.

## NOTICE

51. Notice may be given to any member either personally or by sending it by post to his registered address. When a notice has to be issued in respect of a share held jointly by more than one share holder it shall be sent to the person named first in the Register of Shareholders in respect of that share.

| Names, addresses and descriptions of subscribers. | Number of shares taken by each subscriber. | Signature. |
|---|---|---|
| 1. Avanangattu Kalarickal Subramonia Panicker, Editor: The Kalari, S/o Velayudhan Panicker, Peringottukara Kizhakkum Muri Village, Trichur Taluk. | Five | Signed |
| 2. Kannamkulath Kalarikkal Damodara Panicker, Astrologer, S/o Rama Panicker, Arattupuzha Village, Trichur Taluk. | Five | " |
| 3. Marathakara Kalarikkal Damodara Kurup, Vaidyar, S/o Velukutty Panicker, Mutti-chur Padiyam Village, Trichur Taluk. | Five | " |
| 4. Anjooru Kalarikkal Kumaran Panicker, Astrologer S/o Kunjimon Panicker, Anjoor Village, Thalappally Taluk. | Five | " |
| 5. Avanangattu Kalarikkal Unnikrishnan Panicker, Land-lord, S/o Ramanunny Panicker, Peringottu Kizhakkum Muri Village, Trichur Taluk. | Five | " |
| 6. Kannanchira Kizhakkeppattu Kalarikkal Kunjunni Panicker, Clerk, S/o Nottunni Panicker, Kandanassery Village, Trichur Taluk. | One | " |
| 7. Kolazhi Kalarikkal Kumarakrishna Pani-cker, Clerk, S/o Velappa Panicker, Kolazhi Village, Trichur Taluk. | One | " |

Dated this the 22nd day of November 1954.

**Witness to the above signatures:**

1. Kolazhi Kalarikkal Prabhakara Panicker, Farmer, S/o Kunjikrishna Panicker, Kolazhi Village, Trichur Taluk. — Signed

2. Kaladi Kalarikkal Prabhakara Panicker, Astrologer, S/o Kochappa Panicker, Kizhakkum Muri Village, Trichur Taluk. — "

# KALAKENDRAM ADVISORY BOARD

SASTRAVIBHAGOM:

1. Raja Sri Kadathunattu Sankara Varma Thampuran.
2. Panditharaj Kavi Rathnam Attoor Krishna Pisharodi (Ex. Tutor to H. H. The Raj Pramukh.)
3. Sri Suranat Kunjan Pillai, M.A. (Director, The University Granthalayam, Editor: The Malayalam Lexicon)
4. „ K. Vasudevan Moos, (K. V. M.)
5. „ N. Gopala Pillai, M.A., (Principal, Sanskrit College, Trivandrum.)

SAHITYAM KALA:

1. Sri P. V. Krishna Varier, Kottakkal.
2. „ A. D. Harisarma.
3. „ K. K. Raja.
4. „ E. K. Narayanan Potti, M.A , (Professor, Sri Kerala Varma College)
5. „ K. P. Narayana Pisharody, Lecturer, The Sri Kerala Varma College.
6. „ C. K. Warrier, M.A., Lecturer, The St. Thomas College, Trichur.
7. Brahmasri Akavoor Narayanan Namboodiripad, M.A., Lecturer, The Sri Kerala Varma College.
8. Vidwan Vellayikal Govinda Menon, (Retd. Lecturer, Ramavarmapuram Training College.
9. Sri A. P. Raman.
10. „ A. C. Sankaranarayanan.

NIYAMA VIBAGHOM:

1. Sri Komattil Achutha Menon; (Retd. Dewan Peishkar)
2. „ Puthezhathu Rama Menon, (Retd. Dist. Judge)
3. „ V. Nagappan Nair, Advocate, Saradavilasam, Pattam, Trivandrum.

MEDICAL VIBHAGOM;

1. Dr. V. N. Krishnan Iyer, L.R.C.P., M.R.C.S, T.D.D.L.M.S.
2. Dr. V. K. G. Menon, (Principal, The Ayurvede College, Trivandrum.)
3. Astavaidyan Brahmasri Kuttancherri Manumoos.
4. Astavaidyan Brahmasri Thackatteri Sri Ravi Moosu.
5. Sri P. Vasudevan Nambeesan, (Retd. Chief Physician) Rama Varma Central Ayurvedic Hospital.
6. Sri K. P. Narayanan Namboothiri, Kunnathumana, Cochin Royal Family Vaidyan.
7. Dr. K. Kochnnny Menon, L.M.P., Ex. P.R.M.O., Government of India.
8. Dr. P. Gowri Amma, L.R.C.P., M.R.C.S., L.M. Retd. Civil Surgeon, Punkunnam,